2022
ഡിസംബർ
വാല്യം 15 | ലക്കം 12
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



## വിമലഗിരി തിരുനാൾ 2022



**വിമലഗിരി കത്തീഡ്രലിൽ പരിശുദ്ധ വിമലഗിരി മാതാവിന്റെ അമലോത്ഭവ തിരുനാളിനു തുടക്കം കുറിച്ചുകൊണ്ട് അഭി. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് തിരുനാൾ പതാക ഉയർത്തുന്നു.**

# അഭിനന്ദനങ്ങൾ





നവാഭിഷിക്തനായ പാമ്പനാർ സേക്രഡ് ഹാർട്ട് ഇടവകാംഗം ഫാ. ജോസഫ് ജിബിൻ മുണ്ടശ്ശേരി അഭി. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിനോടും ബഹു. വൈദികരോടുമൊപ്പം

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2022 DECEMBER Registered Newspaper, Reg.No. KERMAL/2008/24745 Vol.15 • No.12

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ...

4. എഡിറ്റോറിയൽ
6 സർക്കുലർ
12. കെ.സി.ബി.സി. സർക്കുലർ
16 സഭാനവീകരണം സന്യാസിനികളുടെ വീക്ഷണത്തിൽ
19. ലത്തീൻ കത്തോലിക്കാ ദിനം 2022
22. വിദ്യാഭ്യാസ ശുശ്രൂഷാസമിതിയുടെ വിവിധ പ്രവർത്തനങ്ങൾ
27 ഇടവക വാർത്തകൾ
30. വി.എസ്.എസ്.എസ്. വാർത്തകൾ
34. അഭിവന്ദ്യപിതാവിന്റെ ഡിസംബർ മാസ പരിപാടികൾ


Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

## Editorial

# വിമലാംബികയുടെ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ച് വിശുദ്ധിയിൽ വളരാം, അനുഗ്രഹം നിറഞ്ഞവരായി ജീവിക്കാം.

ഡിസംബർ 8–ാം തീയതി പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവത്തിരുനാളിൽ നമ്മുടെ രൂപതയിലെ ഏറ്റവും വലിയ തിരുനാൾ നാം ആഘോഷപൂർവ്വം കൊണ്ടാടുകയാണ്. ജീവനുള്ള വാഗ്ദാനപേടകമായി പ്രത്യക്ഷപ്പെട്ട (വെളി. 11:19), ക്രിസ്തുവാകുന്ന സൂര്യനെ ഉടയാടയാക്കിയ, (റോമ. 13:14) ലോകമാകുന്ന ചന്ദ്രനെ പാദപീഠമാക്കിയ, പന്ത്രണ്ടു ഗോത്രങ്ങളെ അഥവാ പന്ത്രണ്ടു ശിഷ്യഗണത്തെ, ദൈവജനത്തെ, കിരീടമാക്കിയ (വെളി. 12:1) സ്ത്രീയാണ് വിമലഗിരി മാതാവ്. അവൾ തന്റെ എളിമയിലൂടെ, വിധേയത്വത്തിലൂടെ ക്രിസ്തുവിന്റെ പ്രകാശം ഏറ്റുവാങ്ങി തന്റെ പരിശുദ്ധവും നിർമ്മലവുമായ ജീവിതംവഴി മനുഷ്യർക്ക് അനുഗ്രഹം പകർന്നു കൊടുക്കുന്നവളാണ്. അവളുടെ വസ്ത്രം മഴവില്ലിന്റെ മനോഹാരിതയുള്ളതാണ്. ക്രിസ്തുവാകുന്ന സൂര്യനെ ഉള്ളിലും പുറമേയും അണിഞ്ഞവളാണവൾ. അവളിലൂടെ നാം ക്രിസ്തുവാകുന്ന, ക്രിസ്തു ഏകുന്ന രക്ഷയുടെ അനുഭവത്തിലേക്ക് ആനയിക്കപ്പെടുന്നു. അവളോടുചേർന്ന്, ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ എന്ന് പറഞ്ഞു, സൂര്യനോട് ചന്ദ്രൻ എന്നപോലെ ജീവിക്കാൻ, നാം നയിക്കപ്പെടുന്നു. ദൈവപിതാവിന്റെയും ദൈവമാതാവിന്റെയും മക്കളായി, ദൈവമാതാവിന്റെ കിരീടം പോലെ ദൈവസ്നേഹത്തിൽ ഒരുമിച്ചുകൂട്ടപ്പെടുന്ന നാം ദൈവസ്നേഹത്താലും ദൈവവചനത്താലും ദൈവാത്മാവിനാലും നയിക്കപ്പെടുന്നു ഈ തിരുനാളാഘോഷത്തിലൂടെ. മലനാട്ടിലും ഇടനാട്ടിലുമായി, കേരളത്തിലെ അഞ്ചു ജില്ല



കളിലായി വ്യാപിച്ചു കിടക്കുന്ന വിജയപുരം രൂപതയുടെ മക്കൾ -അൽമായരും സന്യസ്തരും വൈദികരുമെല്ലാം- മാതാവിന്റെ സന്നിധിയിൽ ഒരുമിച്ചുകൂട്ടപ്പെടുന്നു. ഈ തിരുനാളാഘോഷത്തിലൂടെ. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും ഫൊറോനകളിൽ നിന്നും തീർത്ഥാടകരായി ഒരുമിച്ചുകൂട്ടപ്പെടുന്ന ദൈവജനം ഒൻപതു ദിവസങ്ങളിലെ നൊവേനയ്ക്കു ശേഷം പെന്തക്കോസ്ത അനുഭവത്തിനായി ഒരുമിച്ചുകൂടുന്ന അവസരമാണ് വിമലഗിരി തിരുനാൾ. ദൈവനാമത്തിൽ ദൈവസന്നിധിയിൽ ദൈവകുടുംബത്തിലെ അംഗങ്ങളായി ഒരുമിച്ചുകൂടി നാം ദൈവസ്നേഹം നുണയുന്നു. തിരുനാളാഘോഷങ്ങളിലൂടെ ദൈവസ്വരം ശ്രദ്ധയോടെ ശ്രവിച്ചും ദൈവത്തോടും ദൈവമാതാവിനോടും ഹൃദയം തുറന്ന് സംഭാഷണം നടത്തിയും ദൈവത്തിന് നമ്മെ സമർപ്പിച്ചും ദൈവസംരക്ഷണയ്ക്ക് ദൈവമാതാവിന്റെ കരങ്ങളിൽ ഏല്പിച്ചുകൊടുത്തും നാം ദൈവാനുഗ്രഹത്താൽ നിറയും. അനുഗ്രഹത്തിന്റെ അനുഭവം പകരുന്ന തിരുനാൾ ദിനങ്ങളിലൂടെ അർപ്പണബോധത്തോടെ നമുക്കു തിരുനാൾ ആഘോഷിക്കാം. രൂപതയിലെ ഓരോ അംഗവും വിമലഗിരിമാതാവിന്റെ മക്കളാണെന്ന ബോധത്തോടെ തിരുനാളിലെ ഒരുദിനമെങ്കിലും മാതാവിന്റെ സന്നിധിയിലെത്താൻ ശ്രദ്ധിക്കണം. കഴിയുന്നിടത്തോളം ഇടവകകളിൽ നിന്നും മിഷൻ സ്റ്റേഷനുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്യാസഭവനങ്ങളിൽ നിന്നും ഓരോ കുടുംബത്തിൽ നിന്നും തീർത്ഥാടനയാത്ര സംഘടിപ്പിക്കണം. പ്രധാന തിരുനാൾ ദിനമായ 8-ാം തീയതി ഉച്ചക്കഴിഞ്ഞ് ഗുഡ്ഷെപ്പേർഡ് ദൈവാലയത്തിൽ നിന്ന് ആരംഭിക്കുന്ന പ്രദക്ഷിണത്തിൽ ഏവരും പങ്കുചേരണം. നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രൂപതയിലെ വൈദികർ സഹകാർമ്മികരായി അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ ഏവരും സജീവമായി പങ്കുചേരണം. എല്ലാം നമ്മുടെ രൂപതയിലെ ഐക്യത്തോടെയുള്ള കെട്ടുറപ്പിനും ദൈവരാജ്യാനുഭവത്തിലേക്കുള്ള മുന്നേറ്റത്തിനും കാരണമാകട്ടെ. വിമലഗിരി കത്തീഡ്രലിനുചുറ്റും സ്ഥാപിച്ചിരിക്കുന്ന ജപമാല രഹസ്യങ്ങളുടെ റോസറി ഗാർഡനും അൾത്താരയുടെ മുകളിൽ കൊത്തിവച്ചിരിക്കുന്ന ജപമാലയും നിരന്തരം മാതാവിനോടുചേർന്ന് യേശുവിനെ ധ്യാനിച്ചു പ്രാർത്ഥിക്കാൻ നമ്മെ പ്രചോദിപ്പിക്കട്ടെ. അങ്ങനെ ജപമാലയിലെ ജീവനുള്ള മണിപോലെ കോർക്കപ്പെട്ടു ദൈവമാതാവിന് റോസാപ്പൂക്കൾകൊണ്ട് മാലയണിയിക്കാം. ഒപ്പം അവിടെ കൊത്തിവച്ചിരിക്കുന്ന ഉത്തരീയം ധരിച്ചുകൊണ്ട് ദൈവസംരക്ഷണം അനുഭവിക്കാം.

*പത്രാധിപർ*

എല്ലാ വായനക്കാർക്കും
**ക്രിസ്തുമസ് പുതുവത്സരാശംസകൾ**
*പത്രാധിപസമിതി*

Diocese of Vijayapuram
CIRCULAR LETTER
Vol. XVI • No.3 • 2022 • November 2022

# മനുഷ്യരോടൊത്ത് വസിക്കാനുള്ള ദൈവികപദ്ധതി

യേശുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,
ബഹുമാനപ്പെട്ട സന്യസ്തരേ, പ്രിയ വൈദികരേ,

ദൈവമായ കർത്താവ് ഭൂമിയിലെ പൂഴി കൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തപ്പോൾ തന്റെ കൂടെ ആയിരിക്കുവാൻ സൃഷ്ടികളിൽ ഉന്നതനായി തന്റെ ഛായയും പ്രകൃതിയും മനുഷ്യന് പങ്കുവയ്ക്കുകയായിരുന്നു. മനുഷ്യൻ എന്നും തന്റെ കൂടെ ആയിരിക്കണം എന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി. ദൈവം അവരോടൊപ്പം ഉണ്ടായിരുന്നു. എന്നാൽ പാപത്തോടെ മനുഷ്യൻ ദൈവത്തിന്റെ കൂട്ടായ്മയിൽ നിന്നും വേർപെട്ട് പോവുകയായിരുന്നു. 'വെയിലാറിയപ്പോൾ ദൈവമായ കർത്താവു തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽനിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു. (ഉൽപത്തി 3 : 8). ആ നിമിഷം വരെ ദൈവിക ദർശനവും അവിടുത്തെ സ്വരവും മനുഷ്യന് ഹൃദയംഗമമായിരുന്നു, ആനന്ദപ്രദമായിരുന്നു. എന്നാൽ പാപംമൂലം ദൈവത്തിന്റെ ചലനം പോലും മനുഷ്യനെ ഭയപ്പെടുത്തി, തളർത്തി, അപകർഷതാബോധത്തിന്റെ അടിമയാക്കി. എന്നാൽ തന്റെ ഹൃദയത്തിന്റെ ഭാഗമായ മനുഷ്യനെ പൂർണമായി ഉപേക്ഷിക്കുവാൻ ദൈവത്തിന് കഴിയുകയില്ല എന്നതിനാൽ അവനെ രക്ഷിക്കാനായി അവിടുന്ന് രക്ഷാകര പദ്ധതിക്ക് രൂപം നൽകി. നേതാക്കന്മാരെയും രാജാക്കന്മാരെയും ന്യായാധിപന്മാരെയും പ്രവാചകന്മാരെയും തന്റെ പദ്ധതി നടപ്പാക്കാൻ ദൈവം നിയോഗിക്കുകയായിരുന്നു, തന്റെ ഏകജാതനിലൂടെ തന്നെ അയക്കുകയായിരുന്നു. മനുഷ്യരോടൊത്ത് വസിക്കാനുള്ള തന്റെ ആഗ്രഹം രക്ഷകന്റെ പേരിലൂടെ തന്നെ വ്യക്തമാക്കുകയും ചെയ്തു. 'യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ എമ്മാനുവേൽ എന്ന് വിളിക്കപ്പെടും (എശയ 7:14). ദൈവദൂതൻ യൗസേപ്പിനോട് വ്യക്തമാക്കുന്നു 'ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള

എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ മുഖേന അരുളി ചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത് '(മത്തായി 1:23). ചുരുക്കത്തിൽ പാപത്തിലൂടെ പിന്തിരിഞ്ഞോടുന്ന മനുഷ്യരെ വീണ്ടെടുക്കാനായി തന്റെ ഏകജാതനെ മനുഷ്യരോടൊത്ത് ആയിരുന്നു കൊണ്ട് മനുഷ്യർക്കു വേണ്ടി പാപപരിഹാരബലി അർപ്പിക്കുകയായിരുന്നു. ദൈവം മനുഷ്യനായി അവതരിച്ചതും പീഡാസഹനങ്ങൾ ഏറ്റുവാങ്ങിയതും ഉത്ഥാനം ചെയ്തതും മനുഷ്യരെ തന്റെ ചങ്കോട് ചേർത്ത് നിർത്തുന്നതിന് ആയിരുന്നു. എന്നും മനുഷ്യരുടെ കൂടെ ആയിരിക്കുന്നതിനായിരുന്നു യേശു പരിശുദ്ധ കുർബാന സ്ഥാപിച്ചത്. അൾത്താരകളിൽ ബലി അർപ്പിക്കപ്പെടുമ്പോൾ യേശുവിന്റെ ജനനവും മരണവും ഉത്ഥാനവും പുനരാവിഷ്ക്കരിക്കപ്പെടുകയാണ്. ദൈവവും മനുഷ്യനും ഒന്നിച്ച് കൂട്ടായ്മയിൽ വ്യാപരിക്കാനുള്ള ദിവ്യമായ വേദിയാണ് പരിശുദ്ധ കുർബാന. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം വ്യക്തമാക്കുന്നു: 'ക്രിസ്തു ഈ ലോകത്തിൽ നിന്ന് തന്റെ പിതാവിന്റെ പക്കലേക്ക് പോയിക്കഴിഞ്ഞ് തന്നോടൊപ്പം ഉള്ള മഹത്വത്തിന്റെ അച്ചാരം കുർബാനയിൽ നൽകുന്നു. വിശുദ്ധ ബലിയിൽ പങ്കെടുക്കുന്നത് വഴി നാം അവിടുത്തെ ഹൃദയത്തോട് നമ്മെതന്നെ താദാത്മ്യപ്പെടുത്തുന്നു. ഈ ജീവിതത്തിലെ തീർത്ഥാടനത്തിൽ അത് നമ്മെ ശക്തിപ്പെടുത്തുന്നു. ശാശ്വത ജീവിതത്തിലുള്ള തീക്ഷ്ണമായ ആഗ്രഹം അത് നമ്മിൽ ജനിപ്പിക്കുന്നു. ഇപ്പോൾതന്നെ സ്വർഗ്ഗത്തിലുള്ള സഭയോടും പരിശുദ്ധ കന്യകയോടും എല്ലാ വിശുദ്ധരോടും നമ്മെ ഐക്യപ്പെടുത്തുകയും ചെയ്യുന്നു' (CCC. 1419). ത്രിതൈക ദൈവത്തോടും പരിശുദ്ധ അമ്മയോടും സകല വിശുദ്ധരോടും ഒന്നിച്ച് കൂട്ടായ്മ ആസ്വദിക്കുവാനുള്ള വേദിയാണ് പരിശുദ്ധ കുർബാന. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു: 'കുർബാന സഭയുടെ ബലിയാണ്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ തന്റെ ശിരസ്സിന്റെ സമർപ്പണത്തിൽ ഭാഗഭാക്കാകുന്നു. അവിടുത്തോട് കൂടെ അവൾ മുഴുവനായി സമർപ്പിക്കപ്പെടുന്നു. എല്ലാ മനുഷ്യർക്കും വേണ്ടി പിതാവിന്റെ മുമ്പാകെ അവിടുന്ന് വഹിക്കുന്ന ഈ മാദ്ധ്യസ്ഥതയോടെ സഭ തന്നെത്തന്നെ ചേർക്കുന്നു. കുർബാനയിൽ ക്രിസ്തുവിന്റെ ബലി അവിടുത്തെ ശരീരത്തിന്റെ അവയവങ്ങളുടെയും ബലിയായി തീരുന്നു.വിശ്വാസികളുടെ ജീവിതവും അവരുടെ സ്തുതിയും സഹനവും പ്രാർത്ഥനയും അദ്ധ്വാനവും എല്ലാം ക്രിസ്തുവിന്റേതിനോട്, അവിടുത്തെ സമഗ്ര സമർപ്പണത്തോട് ചേർക്കപ്പെടുന്നു. അൾത്താരയിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിന്റെ ബലി ക്രിസ്ത്യാനികളുടെ എല്ലാ തലമുറകൾക്കും ക്രിസ്തുവിന്റെ സമർപ്പണത്തോടെ തങ്ങളെ തന്നെ ചേർക്കാൻ സാധ്യത നൽകുന്നു'(CCC. 1368). കുർബാനയിൽ നാം സംബന്ധിക്കുന്നത് വെറും കാഴ്ചക്കാരായിട്ടല്ല. ദൈവീകമായ കൂട്ടായ്മയിലും പങ്കാളിത്തത്തിലും ഒരു പുതിയ സൃഷ്ടിയായി രൂപപ്പെടുന്നതിനു വേണ്ടിയാണ്. അങ്ങനെ ക്രിസ്തുവിന്റെ സുവിശേഷ ദൗത്യം ഏറ്റെടുക്കുവാനു

ള്ള ശക്തി സംഭരിച്ചു കൊണ്ടാണ് ഓരോ വ്യക്തിയും കുർബാന കഴിഞ്ഞ് കുടുംബത്തിലേക്ക് തിരികെ പോകുന്നത്. കുർബാനയുടെ അവസാനം 'പോകുവിൻ ദിവ്യബലി സമാപിച്ചു' എന്ന് സമാപന ആഹ്വാനം ദിവ്യബലിയിലൂടെ രക്ഷാകരരഹസ്യങ്ങളിൽ ഭാഗഭാക്കായി ഒരു പുതിയ സൃഷ്ടിയായി രക്ഷകന്റെ ദൗത്യം നിറവേറ്റുവാൻ സന്നദ്ധരാകുക എന്നാണ് അർത്ഥമാകുന്നതെന്നാണ് പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിക്കുന്നത്. (Pope Benedict XVI, Sacramentum Caritatis).

## ആഗമനകാലം: ദൈവത്തോടൊത്തു വസിക്കാനുള്ള മനുഷ്യന്റെ അഭിലാഷം പൂർത്തീകരിക്കപ്പെടാനുള്ള ഒരുക്കത്തിന്റെ കാലഘട്ടം

സഭയുടെ ആരാധനക്രമത്തിലെ പ്രഥമഘട്ടമായ ആഗമന കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. നൂറ്റാണ്ടുകളായി രക്ഷകനുവേണ്ടി കാത്തിരുന്ന ദൈവജനത്തിന്റെ അതേ മനോഭാവത്തോടുകൂടിയാണ് നാം ആഗമനകാലത്തിൽ വ്യാപരിക്കേണ്ടത്. ദൈവത്തിന്റെ മനുഷ്യാവതാരം – ക്രിസ്മസ് കുടുംബത്തിലും സഭയിലും ഒരിക്കൽക്കൂടി ആഘോഷിക്കുവാനുള്ള തയ്യാറെടുപ്പിന്റെ കാലഘട്ടമാണിത്. അതുപോലെതന്നെ യേശുവിന്റെ രണ്ടാം വരവിൽ യേശുവിനാൽ തിരഞ്ഞെടുക്കപ്പെടാനുള്ള യോഗ്യത ഉറപ്പുവരുത്തുവാൻ ആദ്ധ്യാത്മികമായി ഒരുങ്ങുവാനുള്ള ദിനങ്ങളാണ് ഈ കാലഘട്ടം പ്രദാനംചെയ്യുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുന്നു ദൈവസുതന്റെ പിറവി ഒരിക്കൽക്കൂടെ യോഗ്യതയോടു കൂടെ എപ്രകാരമാണ് ആഘോഷിക്കേണ്ടത് എന്നും നമ്മുടെ ജീവിത സാക്ഷ്യത്തിലൂടെ യേശുവിനും സഹോദരർക്കും എന്തൊക്കെ ചെയ്യുവാൻ സാധിക്കും എന്നും തീരുമാനിക്കുവാനുമുള്ള അവസരം ആയിരിക്കണം. തീവ്രമായി പ്രാർത്ഥിച്ചും ഉപവസിച്ചും പരിത്യാഗ പ്രവൃത്തികൾ ചെയ്തും ദൈവത്തോടും സഹോദരങ്ങളോടും അനുരഞ്ജനപ്പെട്ടും പുതിയ മനുഷ്യരായി മാറുവാൻ നാം ആത്മാർത്ഥമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ശരീരത്തെയും മനസ്സിനെയും ജീവിതത്തെയും മലീമസമാക്കുന്ന പ്രവർത്തികൾ, ചിന്തകൾ, പെരുമാറ്റങ്ങൾ തുടങ്ങിയവ പൂർണ്ണമായും ഉപേക്ഷിക്കാനുള്ള കൃപയ്ക്കായി നാം പ്രാർത്ഥിക്കണം. 'കർത്താവേ അങ്ങെന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി എന്റെ ആത്മാവ് സുഖം പ്രാപിക്കും എന്ന ബോധ്യത്തോടെ നമ്മുടെ ഭക്തകൃത്യങ്ങൾ നിറവേറ്റുമ്പോഴാണ് യേശുവിനോടൊത്ത് യാത്ര ചെയ്യാനുള്ള നമ്മുടെ ആത്മാവിന്റെ അടങ്ങാത്ത ദാഹം ശമിപ്പിക്കുവാൻ സാധിക്കുന്നത്.

## കേരള സഭ നവീകരണം

2022–2025 നാം ഓരോരുത്തരും നവീകരിക്കപ്പെടുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനം ഇതിനോടകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ആഗോള കത്തോ

ലിക്കാ സഭ സിനഡാത്മക ജീവിത ശൈലിയിലൂടെ ഒരു പുത്തൻ ഉണർവ് കൈവരിക്കുന്നതിനായി ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്ന ആപ്തവാക്യത്തോടെ ഒരുങ്ങുന്ന പശ്ചാത്തലത്തിലാണ് കേരള സഭ നവീകരണ പ്രക്രിയയുമായി മുന്നോട്ടു വന്നിരിക്കുന്നത്. അതിനായി നൽകിയിരിക്കുന്ന മാർഗ്ഗരേഖ നമ്മളുടെ കുടുംബങ്ങളിലും, കൂട്ടായ്മകളിലും, ഇടവകകളിലും, രൂപതകളിലും ശരിയായി പഠിച്ച് പ്രായോഗികതലത്തിൽ കൊണ്ടുവരുവാൻ നമുക്ക് ഒത്തൊരുമിച്ച് യത്നിക്കാം. പ്രസ്തുത മാർഗ്ഗരേഖ ഊന്നി പറയുന്നത് :' ഇന്ന് വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന വർഗീയത, പരിസ്ഥിതി നാശം, മലിനീകരണം, ലിംഗ അസമത്വം, കുറയുന്ന ജനന നിരക്ക്, കുടുംബബന്ധങ്ങളുടെ തകർച്ച, ലൈംഗിക അരാജകത്വം, കുടിയേറ്റം, ദാരിദ്ര്യം, ഒഴിഞ്ഞുപോക്ക്, ആത്മീയതയ്ക്ക് സ്ഥാനമില്ലാത്ത ഉപഭോഗ തൊഴിൽ സംസ്കാരം, വിശ്വാസരാഹിത്യവും ആത്മീയ വാദവും തൊഴിൽ മേഖലകളിലെ അസ്ഥിരതയും അതുണ്ടാക്കുന്ന വിഹ്വലതകളും തുടങ്ങി എല്ലാ വെല്ലുവിളികളും ആശങ്കകളും കേരള സഭ നവീകരണ പശ്ചാത്തലത്തിൽ വിശദമായി പരിഗണിക്കപ്പെടണം. കേരളസഭ മുഴുവൻ സമയവും പ്രേഷിതയായി മാറുന്നിടുത്താണ് നവീകരണം പൂർണ്ണമാകുന്നത്. അതിനായി പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ'(മാർഗരേഖ no. 64). നവീകരണ പ്രക്രിയയിൽ രൂപതാ മക്കളെല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമേ എന്ന് അഭ്യർത്ഥിക്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ സ്നേഹത്തിലും ചൈതന്യത്തിലും വ്യാപരിക്കുന്നവരായി നമുക്ക് മാറാം.

## നമ്മുടെ സ്വർഗീയ മധ്യസ്ഥയായ വിമലഗിരി മാതാവിന്റെ തിരുനാൾ:

പതിവുപോലെ ഈ വർഷവും നവംബർ 29ന് കൊടിയേറി ഡിസംബർ എട്ടാം തീയതി തിരുനാൾ ഭക്തിപൂർവ്വം നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.വിമലഗിരി മാതാവും വിമലഗിരി കത്തീഡ്രലും നമ്മുടെ ഓരോരുത്തരുടെയും സ്വന്തമാണ്. ആയതിനാൽ വിമലഗിരി മാതാവിന്റെ തിരുനാളിൽ അതീവ താല്പര്യത്തോടെ ആണല്ലോ നാം പങ്കെടുക്കുന്നത്. വ്യക്തിപരമായ പേരിൽ ഏവരെയും തിരുനാൾ ദിനങ്ങളിലേക്ക് ഞാൻ സസ്നേഹം ക്ഷണിക്കുന്നു. വിമലഗിരിയിൽ താമസിച്ച് തിരുനാളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അറിയിച്ചാൽ പ്രത്യേകമായ സൗകര്യങ്ങൾ ഒരുക്കുന്നതായിരിക്കും. ഈ വർഷം നമ്മുടെ വിവിധ മേഖലകളിൽനിന്ന് കാൽനടയായി തീർത്ഥാടകർ എത്തും എന്നുള്ള വിവരം നമ്മുടെ ഫൊറോനാ വികാരി അച്ചന്മാർ അറിയിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. വിമലഗിരി മാതാവ് എല്ലാ തീർത്ഥാടകർക്കും വേണ്ടി മാധ്യസ്ഥം വഹിക്കുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഓരോ ഇടവകയിൽ നിന്നും കാൽനടയായും അല്ലാതെയും പ്രധാന തിരുനാൾ ദിനമായ 8-ാം തീയതി എത്തുന്നവരുടെ എണ്ണം മുൻകൂട്ടി അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു.

**മിഷൻ ഞായർ ആഘോഷം**

നമ്മുടെ എല്ലാ ഇടവകകളിലും സന്യസ്ത സ്ഥാപനങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും ആഗോള സഭയോടൊത്ത് മിഷൻ ഞായർ ആഘോഷിക്കപ്പെട്ടു എന്ന് അറിയുന്നതിൽ അതിയായി ആനന്ദമുണ്ട്. കോവിഡ് മഹാമാരി നിലനില്ക്കുമ്പോഴും മിഷൻ ഞായർ ആഘോഷത്തിന് ഒരു കുറവും നാം വരുത്തിയില്ല. മിഷൻ ഞായർ സംഭാവനകൾ അത് വ്യക്തമാക്കുന്നുണ്ട്. പരമ്പരാഗതമായി നമുക്ക് ലഭിച്ചിരിക്കുന്ന മിഷൻ ചൈതന്യം ഊട്ടിവളർത്തുവാൻ ഒരു മടിയും നാം കാണിക്കില്ല. കൂടുതൽ സംഭാവന നൽകി സമ്മാനം നേടിയവരെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. അവർക്കായുള്ള സമ്മാനങ്ങൾ പ്രധാന തിരുനാൾ ദിനത്തിൽ നൽകുന്നതായിരിക്കും. മഹാമാരി മാറി നിൽക്കുന്നതിനാൽ ഈ വർഷം കുറച്ചും കൂടി തീവ്രമായി അദ്ധ്വാനിച്ച് കൂടുതൽ സംഭാവന നൽകുവാനായി ഏവരും പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിയുന്നതും വേഗം തുക കൂരിയായിൽ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**KRLCBC / KRLCC സമ്മേളനം നമ്മുടെ രൂപതയിൽ**

കേരള മെത്രാൻ സമിതിയുടെയും കെ.ആർ.എൽ.സി.സിയുടെയും സമ്മേളനം വരുന്ന ജനുവരി 13 മുതൽ 15 വരെ നമ്മുടെ രൂപതയിൽ വച്ച് നടത്തപ്പെടുന്നതാണ് എന്ന വിവരം ഏവരെയും സസന്തോഷം അറിയിച്ചുകൊള്ളുന്നു. ഈ സമ്മേളനങ്ങളുടെ സുഗമമായ നടത്തിപ്പിനായി നമ്മുടെ വികാരി ജനറാളച്ചന്റെ നേതൃത്വത്തിൽ സംഘടനാ നേതാക്കളെയും സന്യസ്ത പ്രതിനിധികളെയും ഫൊറോന വികാരിയച്ചന്മാരെയും വൈദികരെയും ഉൾപ്പെടുത്തി പ്രത്യേക സമിതികൾ രൂപപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് സമ്മേളനങ്ങളിൽ പങ്കെടു




ഡിസംബർ

## ജന്മദിനാശംസകൾ

01 ഫാ. ഫ്രാൻസിസ് നെടുംപറമ്പിൽ
11. ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടം
17. ഫാ. ജോസഫ് വട്ടമാക്കിൽ
19. ഫാ. തോമസ് തച്ചിലാടി
19. ഫാ. യേശുദാസ് ചൂണ്ടശേരി
27. ഫാ. ജോസഫ് തറയിൽ
28. ഫാ. അഗസ്റ്റിൻ പി. ആശീർ
31. ഫാ. സിൽവസ്റ്റർ മാധവശേരി

ക്കേണ്ടത്. എന്നാൽ നമ്മുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് പതിനാലാം തീയതി നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിലും ദിവ്യബലിയിലും നമ്മുടെ രൂപതാ പ്രതിനിധികൾക്ക് പങ്കെടുക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. ഓരോ ഇടവകയിൽ നിന്നും ഇടവക സമിതി സെക്രട്ടറിയോ അദ്ദേഹത്തിന്റെ അഭാവത്തിൽ മറ്റൊരു പ്രതിനിധിയെയോ അയക്കേണ്ടതാണ്. പങ്കെടുക്കുന്ന വ്യക്തികളുടെ പേര് വിവരങ്ങൾ വികാരിയച്ചന്മാർ കൂരിയായിൽ അറിയിക്കുമല്ലോ. കേരള ലത്തീൻ സഭയുടെ നയരൂപീകരണ സമിതി നമ്മുടെ രൂപതയിൽ വച്ച് നടക്കുമ്പോൾ അത് അനുഗ്രഹപ്രദവും ഫലപ്രദവുമായി തീരാൻ നാം ഓരോരുത്തരും ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ കടപ്പെട്ടിരിക്കുന്നു. പ്രത്യേകമായി യുവജന ശുശ്രൂഷയെ കുറിച്ചാണ് ചർച്ച ചെയ്യപ്പെടുന്നത്. യുവജനങ്ങൾ ഇന്നിന്റെയും നാളെയുടെയും വാഗ്ദാനങ്ങളാണ്. നമ്മുടെ യുവജനങ്ങൾക്ക് ശരിയായ മാർഗ്ഗ നിർദ്ദേശം കൊടുക്കുവാൻ ഈ സമ്മേളനം ഉപകരിക്കട്ടെ എന്ന് നമുക്ക് ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. സമ്മേളനത്തിന്റെ നടത്തിപ്പിനായി നമ്മെ സഹായിക്കാൻ സന്നദ്ധരായി മുന്നോട്ടുവന്നിരിക്കുന്ന സന്യസ്തരെയും മറ്റ് ഉപകാരികളെയും പരിശുദ്ധ വിമലഗിരി മാതാവിന്റെ തൃപ്പാദത്തിൽ സമർപ്പിക്കുന്നു.

ആഗമനകാലവും പരിശുദ്ധ വിമലഗിരി മാതാവിന്റെ തിരുനാളും ഏവർക്കും അനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കാനുള്ള അവസരമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിച്ചുകൊള്ളുന്നു.

കോട്ടയം
18-11-2022

**† സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

---

*ഈ സർക്കുലർ 2022 നവംബർ 20 ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്*

## പരേതരെ സ്മരിക്കാം – ഡിസംബർ

| | | |
|---|---|---|
| 06 | (2006) | ഫാ. അഗസ്റ്റിൻ പിൻഹീരോ |
| 08 | (1957) | ഫാ. ജോർജ് തെക്കുംപുറത്ത് |
| 12 | (1935) | ഫാ. ഫുൾജെൻസിയൂസ് ഒ.സി.ഡി. |
| 23 | (1935) | ഫാ. ഫ്രാൻസിസ് സേവ്യർ ഒ.സി.ഡി. |
| 23 | (1998) | ഫാ. പീറ്റർ മുണ്ടയ്ക്കൽ |
| 27 | (1954) | ഫാ. സലൂസ്റ്റിൻ ഒ.സി.ഡി. |
| 29 | (2006) | ഫാ. സ്റ്റാൻലി സേവ്യർ |
| 31 | (1988) | ഫാ. ജോസഫ് കാച്ചപ്പള്ളി |

### കെസിബിസി ബൈബിൾ കമ്മീഷൻ
### പുറപ്പെടുവിക്കുന്ന സർക്കുലർ

# ബൈബിൾ പാരായണ മാസവും ബൈബിൾ ഞായറും

പ്രിയമുള്ളവരേ,

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും ഡിസംബർ 'ബൈബിൾ പാരായണ മാസമായും' ഡിസംബർ 18 'ബൈബിൾ ഞായറായും' കേരള കത്തോലിക്കാസഭ ആഘോഷിക്കുകയാണ്. കെ.സി.ബി.സി. കേരളസഭാനവീകരണവർഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 2022 പെന്തക്കൊസ്താ മുതൽ 2025 പെന്തക്കൊസ്താ തിരുനാൾ വരെയുള്ള കാലയളവിനുവേണ്ടി തിരഞ്ഞെടുത്ത "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" (എഫേ 2,20–22) എന്ന ആപ്തവാക്യം ഈ വചനപാരായണ മാസത്തിൽ പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

**1. സഭ**

ദൈവകല്പനകൾ ശ്രവിക്കുന്നതിനും യാഗാർപ്പണത്തിനുമായി വിളിച്ചുചേർക്കപ്പെട്ട സമൂഹത്തെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ സഭയെന്ന പദം (കഹാൽ– ഹീബ്രു) പ്രധാനമായും ഉപയോഗിച്ചു കാണുന്നത് (നിയ. 4,10). സമാന അർഥത്തിൽത്തന്നെയാണ് പുതിയനിയമവും ഈ പദം (എക്ളേസിയ–ഗ്രീക്ക്) ഉപയോഗിച്ചു കാണുന്നത്. ക്രിസ്തുവിന്റെ മരണ ഉത്ഥാനത്തിന്റെ പ്രഘോഷണം ശ്രവിച്ച്, മാനസാന്തരത്തിലൂടെ ജ്ഞാനസ്നാനം വഴി ഒരുമിച്ചുചേർക്കപ്പെട്ട സമൂഹത്തെയാണ് പുതിയനിയമം 'സഭ'യെന്ന് വിശേഷിപ്പിക്കുന്നത് (എഫേ 2,4–8; അപ്പ 2,37–42). സഭ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമായതിനാലും, ദൈവത്തിന്റെ സ്വന്തമായതിനാലും ദൈവത്തെ പ്രകീർത്തിക്കുവാനും (1 പത്രോ 2,9); ക്രിസ്തുവിന് സാക്ഷ്യംവഹിക്കാനും കടപ്പെട്ട സമൂഹമാണ് (എഫേ 3,8–10).

**2. ക്രിസ്തുവിൽ**

ക്രിസ്തുവും സഭയും തമ്മിൽ വേർതിരിക്കാനാവാത്തതും ഗാഢവുമായ ബന്ധമുണ്ട്. ക്രിസ്തുവിന്റെ പെസഹാരഹസ്യമാണ് സഭയ്ക്കു നിദാനം. അവിടുത്തെ പെസഹാരഹസ്യത്തിന്റെ അടിസ്ഥാനഭാവമായ ശൂന്യവത്കരണത്തിൽ (kenosis)പങ്കുചേർന്ന് ക്രിസ്തുവിന്റെ മഹത്വത്തിലേക്ക് വളരാനും, സ്വന്തമായിത്തീരുവാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ 1,23). ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു; ജലംകൊണ്ട് കഴുകി, വചനത്താൽ വെൺമയുള്ളതാക്കി മഹത്ത്വപൂർണയായി അവളെ തനിക്കുതന്നെ പ്രതിഷ്ഠിച്ചു (എഫേ 5,27–29); അവളെ തന്റെ ശരീരവും

നിർമലവധുവുമായി പരിപോഷിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തുവിന്റെ സാന്നിധ്യം എക്കാലവും സഭയിൽ വസിക്കുന്നു.

### 3. സഭയാകുന്ന ഭവനം

ക്രിസ്തുവിന്റെ ശരീരവും വധുവുമായ സഭ, അനേകംപേർ ചേർന്ന കൂട്ടായ്മയാണ്. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ഐക്യപ്പെട്ടിരിക്കുന്നതുപോലെ സഭയാകുന്ന ശരീരത്തിലെ അംഗങ്ങൾ എല്ലാവരും ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ഏകശരീരമായി മാറുന്നു (എഫേ 4,3-6). ഭവനമെന്നത് വാസ്തുശില്പകലയുടെ പ്രകാശനമായ ഒരു കെട്ടിടത്തെയല്ല, മറിച്ച് കൂട്ടായ്മയുടെ കുടുംബത്തെയാണ് സൂചിപ്പിക്കുന്നത് (1 കോറി 3,16; 2 കോറി 6,16; എഫേ 2,21). സജീവ ശിലകളായ വിശ്വാസികളെകൊണ്ടാണ് ഈ ആത്മീയഭവനം പണിതുയർത്തപ്പെടുന്നത്; അതിന്റെ മൂലക്കല്ല് ക്രിസ്തു തന്നെയാണ് (1 പത്രോ 2,4-5). മൂലക്കല്ലായ ക്രിസ്തുവിൽ സഭാംഗങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

### 4. പണിയപ്പെട്ടുകൊണ്ടിരിക്കുന്നു

സഭ ഭൂമിയിലെന്നും ഒരു തീർത്ഥാടകയാണ്. ഈ തീർത്ഥാടനത്തിൽ സഭ, ശിരസ്സാകുന്ന ക്രിസ്തുവിൽനിന്ന് ഊർജം സ്വീകരിച്ച് പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി വളരുകയാണ്. ശരീരമെന്ന നിലയിൽ ശിരസ്സാകുന്ന ക്രിസ്തുവിന്റെ പൂർണതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് (എഫേ 1,23; 4,13.).

പൂർണ്ണതതേടിയുള്ള ഈ യാത്രയിൽ സുവിശേഷപ്രഘോഷണത്തിന്റെ അനിവാര്യത നിസ്തർക്കമാണ്. ക്രിസ്തുവിലൂടെ ദൈവം സാക്ഷാത്കരിച്ച രക്ഷയുടെ പദ്ധതി സർവമനുഷ്യർക്കും സർവസൃഷ്ടികൾക്കും വേണ്ടിയുള്ളതാണ് (മർക്കോ 16,16). ജനതകളുടെ പ്രകാശമായി നിയോഗിക്കപ്പെട്ട സഭയെ പ്രശോഭിപ്പിക്കുന്നത് സുവിശേഷദീപ്തിയാണ്; സഭ ലോകത്തിനു നല്കുന്ന പ്രകാശവും സുവിശേഷത്തിന്റേതാണ്. സുവിശേഷത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചം ക്രിസ്തു പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതുവരെ ഇത് തുടരേണ്ടിയിരിക്കുന്നു (1 കോറി 15,21-28). ക്രിസ്തു ആരാണെന്ന തിരിച്ചറിവ് ഹൃദയംകൊണ്ടും കർമം കൊണ്ടും സാക്ഷ്യംനല്കാൻ നമ്മൾ പ്രാപ്തരാകുമ്പോൾ, നവീകരണപാതയുടെ അടിസ്ഥാനകർത്തവ്യനിർവഹണമായ സുവിശേഷപ്രഘോഷണത്തിൽ നമ്മൾ പങ്കുചേരുകയാണ്.

### കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും

കേരളസഭ നവീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കാലയളവിൽ കെസിബിസി ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്.

മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂലഗ്രന്ഥങ്ങളോട് ഏറ്റവും അടുത്തു നില്ക്കുന്ന പുതിയനിയമപഠന ബൈബിൾ പുറത്തിറക്കാൻകഴിഞ്ഞു. പരിഷ്കരിച്ച പഴയനിയമ പതിപ്പ് കാലതാമസമില്ലാതെ പ്രകാശനം ചെയ്യാമെന്ന പ്രതീക്ഷയിലാണ് ബൈബിൾ കമ്മീഷൻ. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് അനേകങ്ങൾക്ക് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. 2022-25 കാലഘട്ടം കേരളസഭാ നവീകരണകാലഘട്ടമായി ആചരിക്കുമ്പോൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറാനും നവസാമൂഹികമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മേഖലകളിലേക്കും വിവിധ പ്രായത്തിലുള്ളവർക്കും സവിശേഷശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങൾക്കും സുവിശേഷവാർത്ത അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും വിശുദ്ധഗ്രന്ഥം സംലഭ്യമാക്കാനുള്ള കർമപദ്ധതികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ വെളിപ്പെടുത്തിത്തരുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നുനല്കുകയും ചെയ്യുന്നത് പ്രഥമമായും കുടുംബങ്ങളിലൂടെയാണല്ലോ! ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. ഓൺലൈൻ ബൈബിളും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ പരിശ്രമം ആവശ്യമാണ്. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചന

പാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 18-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ഡിസംബർ 18-ാം തിയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവാകുന്ന ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി നവീകരണവഴിയിൽ സഹയാത്രികരാകാൻ നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർഥിച്ചുകൊണ്ടും

*സ്നേഹാദരങ്ങളോടെ,*

**+ ബിഷപ് റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ**
*(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)*

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
*(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)*

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
*(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

---

NB: 2022 ഡിസംബർ 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സഭ നവീകരണം
## സന്യാസിനികളുടെ വീക്ഷണത്തിൽ
(എഫേ 2/20-22)

സി. സാൻമരിയ സി.എസ്.എൻ, ദേവികുളം

### ആമുഖം

**കേ**രള കത്തോലിക്കാ സഭ നവീകരണയജ്ഞയാത്ര ആരംഭിച്ചിരിക്കുകയാണല്ലോ. 2022 സെപ്തംബർ 9 മുതൽ ഒക്ടോബർ 18 വരെ നീളുന്ന 40 ദിനങ്ങൾ സഭ ഒന്ന് ചേർന്ന് നവീകരണത്തിനായി പ്രാർത്ഥിക്കുന്നു. സഭ എന്ന് പറഞ്ഞാൽ നാലു മതിലുകൾക്കുള്ളിൽ നിൽക്കുന്ന ഒരു കെട്ടിടമല്ല. ക്രിസ്തുവാകുന്ന ശിരസ്സിന്റെ ശരീരമാണ് സഭ. ആ ശരീരത്തിന്റെ അവയവങ്ങളാണ് വൈദികരും സമർപ്പിതരും അത്മായരും അടങ്ങുന്ന വർ. 2021 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കേരള സഭ മുഴുവനും ഒരു നവീകരണം ആവശ്യമാണ് എന്ന് തീരുമാനിച്ചു. കോവിഡിന്റെ കാലഘട്ടത്തിൽ മനുഷ്യ ഹൃദയങ്ങളിൽ ഏറ്റ എല്ലാ മുറിവുകളും ഉണക്കുവാനും സഭ നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യുവാനും ഇന്ന് സഭ ഒന്നിച്ച് കരങ്ങൾ കോർക്കുന്നു.

കൂട്ടായ്മ പങ്കാളിത്തം പ്രേഷിതദൗത്യം എന്നീ മൂന്ന് കാര്യങ്ങളിൽ ഊന്നൽ കൊടുത്തുകൊണ്ട് നവീകരണം സാധ്യമാക്കേണ്ടിയിരിക്കുന്നു. ‘സഭ എന്റെ ഭവനം’ എന്ന കാഴ്ചപ്പാടിലേയ്ക്കാണ് നാം ഒരുമിച്ച് യാത്ര ചെയ്യുന്നത്. ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ ഈ നവീകരണയജ്ഞം നമ്മെ സഹായിക്കുന്നു. സഭ ക്രിസ്തുവിൽ പണിയപ്പെട്ടിരിക്കുന്ന ഭവനം എന്നത് സഭയുടെ നവീകരണത്തിന്റെ ആപ്തവാക്യം ആക്കിയിരിക്കുന്നുണ്ടെങ്കിൽ അതിലേയ്ക്ക് സഭയൊന്നാകെ എത്തിച്ചേരുക എന്നത് നമ്മുടെ ലക്ഷ്യമാണ്.

### എന്താണ് സഭ

ക്രിസ്തുവാകുന്ന ശിരസ്സിന്റെ ശരീരമാണ് സഭ. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. നൂറ്റാണ്ടുകളുടെ ചരിത്രം പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും സഭ വളർന്നത് രക്തസാക്ഷികളുടെ ചൂടുനിണത്താലാണെന്ന്. ഏകവും വിശുദ്ധവുമായ സഭ ക്രിസ്തുവിൽ സ്ഥാപിതമായതാണ്. ക്രിസ്തു തന്റെ രക്തത്താൽ വീണ്ടെടുത്ത സഭയെ വിശുദ്ധമായി തന്നെ സംരക്ഷിക്കാൻ നമുക്ക് പ്രത്യേക കടമയുണ്ട്. രക്തം ചിന്തി സഭയെ വിശുദ്ധർ വളർത്തിയെങ്കിൽ ഇന്ന് രക്തം ചിന്താതെയും വിശുദ്ധിയിൽ ജീവിച്ചുകൊണ്ട് സഭയെ നമുക്ക് ഒരുമിച്ച് വളർത്താം.

## സഭയിൽ സന്യാസിനികളുടെ പങ്ക്...

സഭയിൽ വിവിധ സന്യാസിനി ഭവനങ്ങൾ ഉണ്ടെങ്കിലും അവയെല്ലാം ക്രിസ്തുവാകുന്ന ഒരു ശരീരത്തിലെ അവയവങ്ങളാണ്. അതുകൊണ്ട് സഭയിൽ സന്യാസിനികൾ ഒരുമിച്ച് കൈകോർത്ത് യാത്ര ചെയ്യണം. ഇവിടെ വേഷങ്ങൾക്കും ഭാഷകൾക്കും വ്യത്യാസം ഉണ്ടാകും. മനോഭാവങ്ങൾക്ക് വ്യത്യാസം ഉണ്ടാകാം. എങ്കിലും സന്യാസിനിയുടെ ഏക ലക്ഷ്യം ക്രിസ്തുവിൽ വിലയം പ്രാപിക്കുക എന്നതാണ്. അതുകൊണ്ടു തന്നെ എല്ലാ സന്യാസിനികളും സഭയിൽ ഒന്നാണ്.

എന്നാൽ ഇന്ന് സന്യാസിനികളുടെ ഇടയിൽ പോലും ഭിന്നതയുടെ വിവിധ മുഖങ്ങൾ കണ്ടുവരുന്നുണ്ട്. വിവിധ റീത്തുകളിൽപ്പെട്ടവർ തമ്മിൽ തമ്മിലുള്ള അകൽച്ചകൾ, വിവിധ സന്യാസഭവനങ്ങൾ തമ്മിലുള്ള പൊരുത്തക്കേട് ഇവയെല്ലാം ഏകശരീരമായ ക്രിസ്തുവിനെ ഇന്ന് കീറിമുറിക്കുകയാണ്. സന്യാസിനികളുടെ ഇടയിലെ ഭിന്നതകളുടെ കാരണം തിരിച്ചറിഞ്ഞ് അനുരഞ്ജനം സാധ്യമാക്കി ഒരുമിച്ച് മുന്നേറുന്നിടത്ത് സഭ നവീകരിക്കപ്പെടും.

## സഭയിൽ ഇന്ന് സന്യാസ ഭവനങ്ങൾ നേരിടുന്ന വെല്ലുവിളികൾ

ദൈവസ്നേഹത്താൽ പ്രചോദിതമായ ദൈവവിളികൾ ഇന്ന് കുറഞ്ഞു വരുന്നു. ക്രിസ്തുവിന്റെ വിളികേട്ട് പ്രത്യുത്തരിച്ചവരേക്കാൾ വീടുകളിൽ പോയി വിളിച്ചുകൊണ്ട് വരുന്നവരാണ് ഇന്ന് സന്യാസഭവനങ്ങളിൽ കൂടുതലും എന്നു തോന്നിപ്പോകും. അതിനു ഒരു കാരണം വിശ്വാസത്തിന്റെ ആദ്യകളരിയായ കുടുംബങ്ങളിൽ നിന്നും ലഭിക്കേണ്ടവയൊന്നും ഇന്ന് കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നില്ല. മറിച്ച് ലോകത്തിൽ നിന്ന് അവർ ഒരുപാട് ആർജിച്ചെടുക്കുന്നുമുണ്ട്. അതുകൊണ്ടുതന്നെ ലോകത്തിലേക്കാണ് അവർ കൂടുതൽ ആകർഷിതരാകുന്നത്. ഇങ്ങനെയുള്ളവരെ മഠത്തിലേക്ക് നിർബന്ധിച്ച് കൊണ്ടുവരുമ്പോൾ സന്യാസ ഭവനങ്ങളിൽ പാളിച്ചകൾ ഉണ്ടാകുന്നു. പിന്നീട് അത് സഭയെ ബാധിക്കുന്നു. അതുകൊണ്ട് തെരഞ്ഞെടുപ്പുകൾ എപ്പോഴും ദൈവത്തിന്റേത് തന്നെയാകണം. താൻ സ്നേഹിച്ച പുരുഷനുമായി ഒരുമിച്ച് ജീവിക്കാൻ മാതാപിതാക്കൾ സമ്മതിക്കില്ലാ എന്ന് മനസ്സിലാക്കി സന്യാസ സഭകളെ ഒരു ഒളിത്താവളമായി കണ്ട് സന്യാസ വസ്ത്രം സ്വീകരിച്ചിട്ട് ഒരു സുപ്രഭാതത്തിൽ സഭാ വസ്ത്രം ഉപേക്ഷിച്ച് പോകുന്നതിനെ എങ്ങനെ ദൈവവിളി എന്ന് പറയാനാവും. ആ വിളികൾക്ക് എന്ത് മൂല്യമുണ്ട്. സന്യാസസഭകളിൽ ആളെ കൂട്ടുന്നതിലും നല്ലത് വിശുദ്ധമായ ഒരു വിളിയ്ക്ക് പ്രാർത്ഥിച്ച് കാത്തിരിക്കുന്നതാണ്.

ഉറകെട്ടുപോയ ഉപ്പുപോലെ സന്യാസഭവനങ്ങൾ മാറുന്നു. കച്ചവട സംസ്കാരങ്ങൾ ഇന്ന് സന്യാസ ഭവനങ്ങളിൽ കടന്നുവരുന്നു. പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും ദരിദ്രർക്കും അഗതികൾക്കും അത്താണിയാകേണ്ട സന്യാസിനികൾ ഇന്ന് സാധാരണ ജനങ്ങളെപോലെ ധനം സമ്പാദിക്കു

ന്നവരായി തരം താഴുന്നു. സ്ഥാപിത താൽപര്യങ്ങളും ലക്ഷ്യങ്ങളും മറന്ന് കൊണ്ട് സേവനങ്ങളെയും ശുശ്രൂഷകളെയുമൊക്കെ കച്ചവടം ആക്കി മാറ്റുന്നു. ഇവിടെ സന്യാസ സഭകളിൽ ഒരു നവീകരണം ആവശ്യമാണ്. സഭയുടെ ഹൃദയമാണ് സന്യാസിനികൾ എന്ന് പറയുമ്പോൾ ശരീരത്തിൽ ഹൃദയം നിലച്ചാൽ ആ ശരീരത്തിന് ജീവനില്ല. അതുകൊണ്ട് സഭാ നവീകരണം ആദ്യം ആരംഭിക്കേണ്ടത് സന്യാസ ഭവനങ്ങളിൽ ആണ്. ലോകം സന്യാസ ഭവനത്തെക്കുറിച്ച് എഴുതിവെയ്ക്കുന്നതല്ല സത്യം. ദൈവം സന്യാസ ഭവനങ്ങളെക്കുറിച്ച് കാണുന്ന സ്വപ്നമാണ് സത്യം. അതായി സന്യാസിനികളും സന്യാസ സഭകളും മാറണം.

## സഭയുടെ കേന്ദ്രബിന്ദു വി. കുർബാന (1 കോറി 3:16–17)

സഭയുടെ ഏറ്റവും വലിയ ശക്തിസ്രോതസ്സാണ് പരി. കുർബാന. ദിവ്യകാരുണ്യ ഭക്തിയും പ്രാർത്ഥനയും സഭയിൽ കൂടുതൽ ശക്തി പ്രാപിക്കേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനികളെ നോക്കി മറ്റു മതങ്ങൾ പറയുന്ന ഒരു കാര്യമുണ്ട്. നിങ്ങൾ എന്ത് ഭാഗ്യമുള്ളവരാണ് എന്ന്. ക്രൈസ്തവ സഭയിലെ കൂദാശകളെക്കുറിച്ച് മനസ്സിലാക്കിയതുകൊണ്ടാണ് അപ്രകാരം അവർ പറയുന്നത്. ആ കൂദാശകൾ സ്വീകരിക്കാമല്ലോ എന്ന ആഗ്രഹത്തോടെ ക്രൈസ്തവ വിശ്വാസം സ്വീകരിച്ച അനേകരുണ്ട്. ക്രിസ്ത്യാനിയായി ജനിച്ച ക്രൈസ്തവർ കൂദാശകളുടെ സ്വീകരണത്തിൽ ഇന്ന് എവിടെ നിൽക്കുന്നു.

## സഭയിൽ നവീകരണം സാദ്ധ്യമോ? (ആമോസ്പ്രവാചകന്റെ പുസ്തകം)

സഭയിൽ നവീകരണം സാദ്ധ്യമോ എന്ന ചോദ്യത്തിന് ഉത്തരം നൽകേണ്ടത് സഭയല്ല. മറിച്ച് സഭയിൽ അംഗങ്ങൾ ആയിരിക്കുന്ന ഓരോ വ്യക്തിയുമാണ്. സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റെയും കാപട്യത്തിന്റെയും മുഖംമൂടികളെ വലിച്ചെറിഞ്ഞ് കൊണ്ട് സത്യസന്ധതയുടെയും എളിമയുടെയും വെള്ളവസ്ത്രം ഓരോ അല്മായനും ധരിച്ചുകഴിയുമ്പോൾ സഭ നവീകരിക്കപ്പെടും.

ആമോസ് പ്രവാചകന്റെ പുസ്തകത്തിൽ ഓരോ സ്ഥലത്തിന്റെയും പേര് എടുത്ത് പറഞ്ഞിട്ട് അവസാനം അവിടുന്ന് തിരഞ്ഞെടുത്ത ഇസ്രായേൽ ജനത്തോട് കർത്താവ് പറയുന്നു. ഇസ്രായേൽ ആവർത്തിച്ച് ചെയ്ത അതിക്രമങ്ങൾക്കുള്ള ശിക്ഷ ഞാൻ പിൻവലിക്കുകയില്ല. പാവങ്ങൾക്കെതിരെ വിരൽചൂണ്ടുന്നത്കൊണ്ടാണ് ഇപ്രകാരം ഇസ്രായേൽക്കാരോട് പറഞ്ഞത്. ഈ ശിക്ഷാനടപടി നമ്മുടെ മേൽവന്ന് പതിക്കാതിരിക്കാൻ  നമുക്ക് പ്രാർത്ഥിക്കാം. ദരിദ്രരേയും പാർശ്വവത്ക്കരിക്കപ്പെട്ടവരെയും വൃദ്ധരെയും എല്ലാം നമുക്ക് ശ്രവിക്കാം.

കുറവുകളോടെ നമ്മെ സ്വീകരിച്ച സഭയെ നിറവോടെ നയിക്കാൻ ഞാനല്ലാതെ മറ്റാരാണ് വിളിക്കപ്പെട്ടത് എന്ന് ചിന്തിക്കുന്നിടത്ത് സഭ വളരും. പുതിയ ഒരു പെന്തകുസ്താനുഭവത്തിനായി നമുക്ക് ഒരുമിച്ച് മുന്നേറാം.

# ലത്തീൻ കത്തോലിക്കാ ദിനം 2022

## 2022 ഡിസംബർ 4
## ലത്തീൻ കത്തോലിക്കർ അതിജീവന പോരാട്ടത്തിൽ

പ്രിയരേ,

**കേ**രളത്തിലെ ലത്തീൻ കത്തോലിക്കരുടെ ഉന്നത നയരൂപീകരണ ഏകോപനസമിതിയായ കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ (കെആർഎൽസിസി) ആഭിമുഖ്യത്തിൽ 2022 ഡിസംബർ 4ന് ലത്തീൻ കത്തോലിക്ക ദിനമായി ആചരിക്കുകയാണ്. സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളിനോടനുബന്ധിച്ചുള്ള ഞായറാഴ്ചയാണ് കെആർഎൽ സിസിയുടെ നേതൃത്വത്തിൽ ലത്തീൻ കത്തോലിക്കാദിനമായി ആചരിച്ചുവരുന്നത്. കോവിഡ് മഹാമാരി മൂലമുണ്ടായ നിയന്ത്രണങ്ങൾ നിമിത്തം കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ലത്തീൻ കത്തോലിക്കാ ദിനം വേണ്ടവിധത്തിൽ ആചരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഈ വർഷത്തെ ലത്തീൻ കത്തോലിക്കാ ദിനാചരണം ക്രിസ്റ്റ്യൻ സർവ്വീസ് സൊസൈറ്റിയുടെ (സിഎസ്എസ്) ആഭിമുഖ്യത്തിലാണ് സംഘടിപ്പിക്കുന്നത്. സിഎസ്എസ്സിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഡിസംബർ 4, ഞായറാഴ്ച എറണാകുളത്ത് ലത്തീൻ കത്തോലിക്കാദിന മഹാസംഗമം സംഘടിപ്പിക്കുന്നതാണ്.

ഇന്ത്യയുടെ ദ്വിതീയ അപ്പസ്തോലനായ വിശുദ്ധ ഫ്രാൻസിസ് സേവ്യർ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടിട്ട് 2022-ൽ നാനൂറ് വർഷങ്ങൾ തികഞ്ഞു. ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക (മാർക്ക് 16:15) എന്ന യേശുവിന്റെ ആഹ്വാനത്തെ ഉൾക്കൊണ്ട് ജീവിതം പൂർണ്ണമായി സമർപ്പിച്ച മഹാമനീഷിയായിരുന്നു വിശുദ്ധ ഫ്രാൻസിസ്. ഈശോ സഭയിലെ ആദ്യ അംഗങ്ങളിലൊരാളായ വിശുദ്ധ ഫ്രാൻസിസ് 1542-ൽ ഇന്ത്യയിൽ എത്തിയപ്പോൾ 36 വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളു. 1552 ഡിസംബർ 3-നു ചൈനയിലേക്കുള്ള യാത്രാമദ്ധ്യേ ജ്വരബാധയാൽ അദ്ദേഹം അന്തരിച്ചു.

കേരളത്തിന്റെയും തമിഴ്നാടിന്റെയും തെക്കൻ തീരങ്ങളിൽ വിശുദ്ധൻ ആരംഭിച്ച സുവിശേഷ പ്രവർത്തനം കൊടുങ്കാറ്റ് പോലെ ആയിരുന്നു ആഞ്ഞുവീശിയത്. വിശുദ്ധന്റെ സുവിശേഷ പ്രഘോഷണം സിലോൺ, മലാക്ക, ജാപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേക്ക് വരെ വ്യാപിച്ചു. കേവലം പത്ത് വർഷക്കാലം കൊണ്ട് വിശുദ്ധൻ നടത്തിയ പ്രവർത്തനങ്ങൾ തീർത്തും അവിശ്വസനീയമാണെന്നു പറയേണ്ടിയിരിക്കുന്നു. അത്രയേറെ ആഴത്തിൽ വിശുദ്ധൻ യേശുവിനെ സ്നേഹിക്കുകയും, തന്റെ ജീവിതം

മുഴുവൻ സമർപ്പിക്കുകയും ചെയ്തു. ഇന്ത്യൻ കത്തോലിക്ക സഭ, വിശിഷ്യ കേരളസഭ ഈ വിശുദ്ധനോട് ഏറെ കടപ്പെട്ടിരിക്കുന്നു. ഈ ജൂബിലി വേളയിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പ്രവർത്തനങ്ങളും സ്വർഗീയ മാദ്ധ്യസ്ഥവും വഴി കേരള സഭയ്ക്കു ലഭിച്ചിട്ടുള്ളതും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ നന്മകൾക്കു ദൈവത്തോട് കൃതജ്ഞത പറയാം. ഈ വർഷത്തെ ലത്തീൻ കത്തോലിക്കാദിനത്തിൽ ഇക്കാര്യം പ്രത്യേകം സ്മരിക്കുകയും ചെയ്യാം.

തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ കഴിഞ്ഞ നാലു മാസക്കാലമായി മത്സ്യത്തൊഴിലാളികൾ ജീവനും വാസസ്ഥലവും ഉപജീവനമാർഗ്ഗവും ആവാസവ്യവസ്ഥയും സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള സമരത്തിലാണ്. ഈ സമരത്തിലൂടെ മത്സ്യത്തൊഴിലാളികൾ ഉയർത്തിയിട്ടുള്ള ആവശ്യങ്ങൾ ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. അവരുടെ ആവശ്യങ്ങൾ സജീവമായി പരിഗണിച്ച് സത്വരമായ പരിഹാരം കണ്ടെത്തി സമരം അവസാനിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം.

വിഴിഞ്ഞം സമരം ചില മൗലിക ചോദ്യങ്ങൾ കേരള സമൂഹത്തിനു മുന്നിൽ ഉയർത്തുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് വികസനത്തെ സംബന്ധിച്ചുള്ളത്. എല്ലാവരെയും ഉൾക്കൊള്ളുന്നതും പ്രകൃതിയെ സംരക്ഷിക്കുന്നതുമായിരിക്കണം എന്ന പ്രബോധനമാണ് തിരുസ്സഭ വികസനത്തെ സംബന്ധിച്ചു നൽകുന്നത്. വിശ്വാസികളായാലും അവിശ്വാസികളായാലും എല്ലാവരും പൊതുവായി സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണ്, അടിസ്ഥാനപരമായി ഭൂമി എല്ലാവരുടെയും പൈതൃക സ്വത്താണെന്നും, ഭൂമിയുടെ സദ്ഫലങ്ങൾ എല്ലാവർക്കും പ്രയോജനപ്പെടാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നും എന്നുള്ളത്. എന്നാൽ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇക്കാര്യം സ്രഷ്ടാവിനോടുള്ള വിശ്വസ്തതയുടെ ചോദ്യമായി മാറുന്നു. കാരണം ദൈവം എല്ലാവർക്കുമായി ലോകത്തെ സൃഷ്ടിച്ചു. ആയതിനാൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഓരോ സമീപനവും പാവപ്പെട്ടവരുടെയും അശരണരുടെയും മൗലിക അവകാശങ്ങൾ ഗൗരവപൂർവ്വം കണക്കിലെടുക്കുന്ന ഒരു സാമൂഹിക വീക്ഷണത്തിൽ ഊന്നിയായിരിക്കണം സ്വീകരിക്കേണ്ടത് (പരിശുദ്ധ ഫ്രാൻസിസ് പാപ്പ, ലൗ ദാത്തോ സി, 93).

പരിശുദ്ധ ഫ്രാൻസിസ് പാപ്പ മുന്നോട്ടു വയ്ക്കുന്ന വികസന കാഴ്ചപ്പാട് എല്ലായിടത്തും ചർച്ചാ വിഷയമാക്കേണ്ടതായിട്ടുണ്ട്. ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒഴിവാക്കപ്പെട്ടവരാണ് ലത്തീൻ കത്തോലിക്കർ. ഇതു മൂലം രാജ്യത്തുണ്ടാകുന്ന വികസനത്തിന്റെ ആനുപാതിക പങ്ക് പോലും ലത്തീൻ കത്തോലിക്കർക്ക് നിഷേധിക്കപ്പെടുന്നു. മത്സ്യത്തൊഴിലാളികൾ, ദലിത് ക്രൈസ്തവർ എന്നിവരാണ് ഏറ്റവും കൂടുതൽ അവഗണന

നേരിടുന്നവർ. വിഴിഞ്ഞത്ത് ഉണ്ടാകുമെന്നു പറയപ്പെടുന്ന വികസനത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കൾ ആകേണ്ട കടലോരവാസികൾ വികസന പ്രക്രിയയുടെ ബലിയാടുകളായി മാറുന്നുവെന്നത് വൈരുദ്ധ്യമാണ്. അതുകൊണ്ടാണ് പാവപ്പെട്ടവരുടെ മൗലിക അവകാശങ്ങൾ കണക്കിലെടുക്കുന്ന സാമൂഹിക വീക്ഷണം വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമാണെന്നു ചാക്രികലേഖനത്തിൽ പാപ്പ പ്രബോധിപ്പിക്കുന്നത്.

കേരളത്തിൽ ലത്തീൻ കത്തോലിക്കർ അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധികളും വെല്ലുവിളികളും ഈ വർഷത്തെ ലത്തീൻ കത്തോലിക്കാ ദിനാചരണത്തിന്റെ പ്രധാന ചർച്ചാ വിഷയമാക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ തീരപ്രദേശം നേരിടുന്ന വിനാശകരമായ തീരശോഷണം, തീരമേഖലാ നിയന്ത്രണ വിജ്ഞാപനം ഉയർത്തുന്ന പ്രതിസന്ധികൾ, തീരത്തെ ഹൈവേ ഉൾപ്പടെയുള്ള വികസനപദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ ഉയർത്തുന്ന പ്രശ്നങ്ങൾ, പ്രകൃതി ദുരന്തത്തെത്തുടർന്നും തീരശോഷണം മൂലവും ഭുമിയും വനവും നഷ്ടമായവരുടെ പുനരധിവാസത്തിലെ അക്ഷന്തവ്യമായ അലംഭാവം, ഉപജീവന വെല്ലുവിളികൾ, തൊഴിലില്ലായ്മ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. മലനാട്-ഇടനാട് മേഖലയിൽ അധിവസിക്കുന്ന ജനവിഭാഗങ്ങളും ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. സംരക്ഷിത വനപ്രദേശത്തിനു ചുറ്റും ബഫർ സോൺ പ്രഖ്യാപനം, കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ച, വന്യമൃഗങ്ങളുടെ ആക്രമണം മൂലം ജീവനുകൾക്കുനേരെ ഉയരുന്ന ഭീഷണികൾ, പാരിസ്ഥിതിക ഘടനയിൽ വന്നിട്ടുള്ള അപകടകരമായ ദുർബലത തുടങ്ങിയ നിരവധി പ്രശ്നങ്ങൾ മലനാട്-ഇടനാട് മേഖല നേരിടുന്നുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന എല്ലാവരെയും ഉൾച്ചേർക്കുന്ന വികസന പ്രക്രിയ രാജ്യത്ത് ഉരുത്തിരിഞ്ഞു വരേണ്ടിയിരിക്കുന്നു. ആശങ്കയിലും ഭീതിയിലും കഴിയുന്ന ജനസമൂഹങ്ങളുടെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും മനസ്സിലാക്കി പരിഹരിച്ചാണ് സർക്കാരും അധികാരികളും മുന്നോട്ടു പോകേണ്ടത്. ഇത് ഒരു ചർച്ചാവിഷയമാക്കി ഉയർത്തിക്കൊണ്ടു വരുവാനും അധികാരികളുടെ ശ്രദ്ധയിൽ ഉൾപ്പെടുത്താനുമാണ് ഈ വർഷത്തെ ലത്തീൻകത്തോലിക്കാ ദിനാചരണം വഴി ലക്ഷ്യം വയ്ക്കുന്നത്.

ലത്തീൻ കത്തോലിക്കാ ദിനം എല്ലാ തലങ്ങളിലും സമുചിതമായി ആചരിക്കണം.

**ജോസഫ് കരിയിൽ**
*പ്രസിഡന്റ്, കെആർഎൽസിസി &*
*കെആർഎൽസിബിസി*
*കൊച്ചി രൂപതാമെത്രാൻ*

# വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ വിവിധ പ്രവർത്തനങ്ങൾ

**മിനിസ്ട്രികൾ**

- ഓൺലൈൻ ട്യൂഷൻ
- വിജയപുരം ബ്രില്ലിയന്റ് മീറ്റ്
- ജീവിത രൂപീകരണ പരിശീലനം
- സിവിൽ സർവീസ് ഗ്രൂമിംഗ് പ്രോഗ്രാം
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ :
  ഹോളി ഫാമിലി എച്ച്.എസ്.എസ്. കോട്ടയം, മൗണ്ട് കാർമൽ എച്ച്. എസ്.എസ്. കോട്ടയം , സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്. ചീന്തലാർ, ക്രൈസ്റ്റ് ദ് കിങ്ങ് വി.എച്ച്.എസ്.എസ്. വെള്ളിയാമറ്റം, മുണ്ടക്കയം ബി.ബി.എം. ഐ.റ്റി.ഐ., മഡോണ കോളജ്, കഞ്ഞിക്കുഴി, കോട്ടയം

**തൊഴിലധിഷ്ഠിത സ്ഥാപനങ്ങൾ**

- കോട്ടയം സിവിൽ സർവീസ് അക്കാദമി
- സെന്റ് ജോസഫ്സ് ഐ.ടി.എ & ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി
- അസ്സീസി കോളജ് ഓഫ് നഴ്സിംഗ്
- ഓൺലൈൻ ട്യൂഷൻ:
  രൂപതയിലെ കുട്ടികൾ മിടുക്കരായി പഠിച്ചു വളരാൻ വേണ്ടി വിജയപുരം രൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ 5 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി എല്ലാ വിഷയങ്ങൾക്കും ഓൺലൈൻ ട്യൂഷൻ ക്ലാസുകൾ നടത്തിവരുന്നു . രൂപതാ സ്കൂളുകളിലെ ഏറ്റവും മികച്ച അധ്യാപകരാണ് ഓരോ വിഷയവും പഠിപ്പിക്കുന്നത്. കൂടാതെ നാൽപതോളം സന്നദ്ധരായിട്ടുള്ള രൂപതാംഗങ്ങൾ കോ.ഹോസ്റ്റ് ആയി പ്രവർത്തിച്ചു വരുന്നു. അവധിക്കാലത്ത് ഇംഗ്ലീഷ്, മാത്സ്, ജി.കെ. എന്നീ വിഷയങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസവും നടത്തപ്പെടുന്നു. ഓൺലൈൻ ട്യൂഷൻ വിജയകരമായി രണ്ടു വർഷം പൂർത്തിയാക്കുന്നു.
  സമയക്രമം: യു.പി. 6.30–7.15 pm, എച്ച്.എസ്. 7.30–8.15 pm

**കൂടുതൽ വിവരങ്ങൾക്ക് :**
സി. മേഴ്സി ഡി.ഐ.എച്ച് (ടീച്ചർ ഇൻ ചാർജ് ) 8078011845
ശ്രീ. ജോജി സെബാസ്റ്റ്യൻ (കോ.ഹോസ്റ്റ്സ് ഇൻ ചാർജ് ) 9847976503

## വിജയപുരം – ബ്രില്ലിയന്റ് മീറ്റ്

പാലാ ബ്രില്ലിയന്റ് സ്റ്റഡി സെന്ററിന്റെ സഹായത്തോടുകൂടി നടത്തുന്ന നീറ്റ് എൻട്രൻസ് കോച്ചിംഗ് പ്രോഗ്രാം10–ാം ക്ലാസ്സ് വിജയിച്ച് പ്ലസ് വൺ പഠനമാരംഭിക്കുന്ന വിജയപുരം രൂപതാംഗങ്ങളായ വിദ്യാർഥികൾക്ക് +1, +2 പഠനത്തോടൊപ്പം മെഡിക്കൽ, എഞ്ചിനീയറിംഗ് (NEET & KEAM) പരീ

ക്ഷകൾക്ക് ഒരുങ്ങുവാൻ രണ്ടു വർഷം നീളുന്ന കോച്ചിംഗ് സംവിധാനം ഒരുക്കിയിരിക്കുന്നു. സാധാരണ വിദ്യാർഥികൾക്ക് 50,000/ രൂപ ചിലവാകുമ്പോൾ രൂപതാംഗങ്ങളായ വിദ്യാർഥികളിൽ നിന്നും 2360/ രൂപ മാത്രമേ ഈടാക്കുന്നുള്ളു. ഓൺലൈനായോ/ ഓഫ്‌ലൈനായോ (പാല, ചെത്തിപ്പുഴ, ചങ്ങനാശേരി, തൊടുപുഴ, മാന്നാനം കോട്ടയം) പഠനം സാധ്യമാണ്.

**കൂടുതൽ വിവരങ്ങൾക്ക്:**

Batch 1 : 2021-2023 (ടീച്ചർ ഇൻ ചാർജ് )
റവ. സി. മിനി. പി FMC, +917510719071

Batch2 : 2022-2024 (ടീച്ചർ ഇൻ ചാർജ് )
റവ. സി. എയ്ഞ്ചല FMC, +918589858064

**പുതിയ അഡ്മിഷനു വേണ്ടി കോർഡിനേറ്റർ : 82814 94909**

## ജീവിത രൂപീകരണ പരിശീലനം

വിജയപുരം രൂപതയുടെ വിദ്യാഭ്യാസ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ കോട്ടയം ഫൊറോനയുടെ കീഴിലുള്ള 14 ഇടവകകളിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കുള്ള പരിശീലനമാണ് ജീവിത രൂപീകരണ പരിശീലനം (Life Orientation Training) എന്നറിയപ്പെടുന്നത്. ആത്മീയം, ശാരീരികം, മാനസികം, ബൗദ്ധികം എന്നീ തലങ്ങളിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നു. നൈപുണ്യ വികസനം, അടിസ്ഥാന വിദ്യാഭ്യാസം, ആശയവിനിമയം, ശാരീരിക ക്ഷമത, വ്യക്തി ശുചിത്വം, കായിക ക്ഷമത, ഉപചാരങ്ങൾ, ലൈംഗീക വിദ്യാഭ്യാസം എന്നിവയിൽ ശ്രദ്ധയൂന്നിയുള്ള പരിശീലനം. കുട്ടികൾക്ക് രാവിലെയും വൈകിട്ടും ഭക്ഷണം. എല്ലാ ഇടവകകളിലേക്കും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങൾക്ക് :** റവ. സി. ജ്യോതിസ് DIH, 8304047764,
ശ്രീ. ആൽഫ്രഡ് എം, 9447139510

## സിവിൽ സർവീസ് ഗ്രൂമിംഗ് പ്രോഗ്രാം

നമ്മുടെ ഇടയിൽ നിന്നും കൂടുതൽ യുവതീയുവാക്കളെ സിവിൽ സർവീസ് കേഡറിൽ പ്രവേശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള ലാറ്റിൻ കാത്തലിക് ബിഷപ്സ് കൗൺസിൽ (KRLCBC) എറണാകുളം സെന്റ് ആൽബർട്സ് കോളജുമായി സഹകരിച്ച് സിവിൽ സർവീസ് ഗ്രൂമിംഗ് പ്രോഗ്രാം നടത്തി വരുന്നു.+2 കഴിഞ്ഞ കുട്ടികൾക്ക് എറണാകുളം സെന്റ് ആൽബർട്സ്, സെന്റ് തെരേസാസ് കോളജുകളിൽ അഡ്മിഷൻ കിട്ടാൻ സാധ്യത ഉണ്ടെങ്കിൽ അങ്ങനെയുള്ള കുട്ടികൾക്ക് ഈ ഗ്രൂമിംഗ് പ്രോഗ്രാമിന്റെ ഭാഗമാകാവുന്നതാണ്. പ്രഗത്ഭരായ സിവിൽ സർവീസ് ഉദ്യോഗസ്ഥരും വിദ്യാഭ്യാസ വിദഗ്ധരും ക്ലാസുകൾ നയിക്കുന്നു. ഉന്നത മാർക്കോടെ +2 പൂർത്തിയാക്കുന്നവർക്ക് റിസൾട്ട് വന്നയുടൻ അപേക്ഷിക്കാവുന്നതാണ്. ഓരോ വർഷവും രൂപതയിലെ ഏറ്റവും മിടുക്കരായ 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും അവസരം ലഭിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് :** കോർഡിനേറ്റർ : 8281494909

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

*(രൂപതാംഗങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി ക്വോട്ടയിൽ അഡ്മിഷൻ സാധ്യമാണ്)*

- **ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടയം**

എയ്ഡഡ് വിഭാഗത്തിലുള്ള മിക്സഡ് സ്കൂൾ. എൽ.കെ.ജി. മുതൽ 12 ക്ലാസ്സ് വരെ പഠനം നടന്നു വരുന്നു. സ്കൂൾ ഓഫ് എക്സലൻസ് ഇതിന്റെ ഭാഗമായുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ സയൻസ്, ഹ്യുമാനിറ്റീസ് എന്നീ വിഷയങ്ങളുണ്ട്.

* ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്

**കൂടുതൽ വിവരങ്ങൾക്ക് :** വിജി വർഗീസ് (പ്രിൻസിപ്പൽ) 9497837641
റവ. ഫാ. എഡ്വിൻ കടവന്ത്ര (ഹോസ്റ്റൽ) 9447820245

- **മൗണ്ട് കാർമൽ ഹയർ സെക്കന്ററി സ്കൂൾ, കോട്ടയം**

കോട്ടയം മൗണ്ട് കാർമൽ ഹയർ സെക്കണ്ടറി സ്കൂളിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലും +1 ക്ലാസ്സിലും പ്രവേശനം സാധ്യമാണ്. ഹയർ സെക്കന്ററിയിൽ സയൻസ്, കമ്പ്യൂട്ടർ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ വിഷയങ്ങൾക്ക് പെൺകുട്ടികൾക്ക് പ്രവേശനം നേടാവുന്നതാണ്. പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യവും ലഭ്യമാണ്.
കൂടുതൽ വിവരങ്ങൾക്ക് : റവ. സി. ശില്പ CSST (പ്രിൻസിപ്പൽ) 9947563006

- **സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കന്ററി സ്കൂൾ, ചീന്തലാർ**

5 മുതൽ 12 വരെ പഠന സൗകര്യമുണ്ട്. +1,+2 ക്ലാസ്സുകളിൽ സയൻസ്, കൊമേഴ്സ് വിഷയങ്ങൾ ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**കൂടുതൽ വിവരങ്ങൾക്ക് :**
ശ്രീമതി അന്നമ്മ ഏബ്രഹാം (പ്രിൻസിപ്പൽ) 9496752448
ശ്രീ. അരുൾ ഫ്രെഡറിക് (ഹെഡ്മാസ്റ്റർ) 9447524088
റവ. ഫാ. സെബാസ്റ്റ്യൻ വെളിയിൽ (ലോക്കൽ മാനേജർ) 9747227331
റവ. ഫാ. സുരേഷ് എ. 9447234538

- **ക്രൈസ്റ്റ് ദ് കിങ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, വെള്ളിയാമറ്റം**

ലാബ് ടെക്നിഷ്യൻ റിസർച്ച് ആൻഡ് ക്വാളിറ്റി കൺട്രോൾ (LTR), ജൂനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ (JSD) എന്നീ കോഴ്സുകൾ ലഭ്യമാണ്.

**കൂടുതൽ വിവരങ്ങൾക്ക് :**
ശ്രീ. ചന്ദ്രബോസ് പി.എസ്. (പ്രിൻസിപ്പൽ) 7907769514
ഫാ. അലക്സാണ്ടർ കുമ്പളത്തുപറമ്പിൽ
(ലോക്കൽ മാനേജർ) 9497874448

- **മുണ്ടക്കയം BBM ITE**

D. EL.Ed കോഴ്സ് ലഭ്യമാണ്. 4 സെമസ്റ്ററുകളായി 2 വർഷമാണ് കോഴ്സിന്റെ കാലാവധി. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**കൂടുതൽ വിവരങ്ങൾക്ക് :**
ശ്രീ. ആൻഡ്രൂസ് ഡാനിയൽ (പ്രിൻസിപ്പൽ) 9605597434
റവ. ഫാ. ടോം. ജോസ് (ലോക്കൽ മാനേജർ) 9495333878

- **മഡോണ കോളജ്, കഞ്ഞിക്കുഴി, കോട്ടയം**

വിജയപുരം രൂപതയിലെ ഇടവകകളിൽ നിന്നും +2 കഴിഞ്ഞ കുട്ടികളെ പ്രത്യേക പരിഗണനയോടെ ബിരുദ, ബിരുദാനന്തര വിദ്യാഭ്യാസത്തിനു ഇവിടെ ചേർക്കാം. ഓരോ കോഴ്സിനും 40 സീറ്റുകളിലേക്കാണ് പ്രവേശനം. രൂപതയിലെ കുട്ടികൾക്ക് പ്രഥമ പരിഗണന നല്കുന്നു. എം.ജി. സർവകലാശാല അംഗീകാരമുള്ള വിവിധ ഡിഗ്രി /പിജി കോഴ്സുകളിലേക്ക് അഡ്മിഷൻ ലഭ്യമാണ്.

### കോഴ്സുകൾ

**DEGREE**
- BA English
- BA History
- B. Com Finance & Tax
- B. Com Travel & Tourism
- BA Sociology
- BA Economics
- B. Com Co-operation

**PG COURSES**
- MA English
- M. Com Finance

**കൂടുതൽ വിവരങ്ങൾക്ക് : 9495843506 , 9188811979**

## തൊഴിലധിഷ്ഠിത സ്ഥാപനങ്ങൾ

**കോട്ടയം സിവിൽ സർവീസ് അക്കാദമി**

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (UPSC) നടത്തുന്ന സിവിൽ സർവീസ് പരീക്ഷ, കേരള പബ്ലിക് സർവീസ് കമ്മിഷൻ (KPSC) നടത്തുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷ (KAS) എന്നിവയുടെ പരിശീലനത്തിന് പ്രവേശനം നേടാവുന്നതാണ്. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സും (ഡിപ്ലോമ കോഴ്സ്) ആരംഭിച്ചിരിക്കുന്നു.

കേരള പി. എസ്. സി. നടത്തുന്ന 10th ലെവൽ, +2 ലെവൽ,ഡിഗ്രി ലെവൽ പ്രിലിമിനറി എക്സാമിനും മെയിൻ എക്സാമിനും ഉള്ള പരിശീലനം നൽകപ്പെടുന്നു.

സിവിൽ സർവീസ് സ്വപ്നം കാണുന്ന വിദ്യാർഥികൾക്ക് അഞ്ചു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയും അതുപോലെ ഡിഗ്രിക്ക് പഠിക്കുന്ന കുട്ടികൾക്ക് പഠനത്തോടൊപ്പം സിവിൽ സർവീസിന് ഒരുങ്ങാനും കെ.സി.എസ്.എ യുടെ ഫൗണ്ടേഷൻ കോഴ്സ് നടത്തപ്പെടുന്നു.

**കൂടുതൽ വിവരങ്ങൾക്ക് :**
Rev. Fr. Ronald Mathew Puthenparambil 9446002229

- **സെന്റ് ജോസഫ്സ് (pvt)- ITI & ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി**

കഴിഞ്ഞ 32 വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന VSSS ന്റെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് ജോസഫ്സ് പ്രൈവറ്റ് ITI യിൽ NCVT & PSC അംഗീകൃത കോഴ്സുകൾ ലഭ്യമാണ്. കുറഞ്ഞ ചിലവിൽ മികച്ച പരിശീലനം. കൂടാതെ ഹോസ്റ്റൽ സൗകര്യവും ലഭ്യമാണ്. 100% placement ഉറപ്പു നല്കുന്നു.

**വിവിധ കോഴ്സുകൾ :** PGDCA, DCA, CTTC, TALLY, DATA ENTRY, DTP, CIP, DFA, Diploma in Mechanic Diesel (NCVT)

**കൂടുതൽ വിവരങ്ങൾക്ക്: 8281370291, 9446563000**

- **അസ്സീസി കോളജ് ഓഫ് നഴ്സിംഗ്, മുക്കൂട്ടുതറ**

ബാച്ചിലർ ഓഫ് സയൻസ് ഇൻ നഴ്സിംഗ് (BSc Nursing) കോഴ്സ് ലഭ്യമാണ്. 4 വർഷത്തെ കോഴ്സ്. മൊത്തം 40 സീറ്റ്.

Affiliated to Kerala University of Health Sciences

**കൂടുതൽ വിവരങ്ങൾക്ക്** : www.assisicollegeofnursing.com
Land ph: 4828212244 Mob: 9061647345

- **പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ശാന്തിപുരം, കോട്ടയം.**
  Certificate approved by STED
  **കൂടുതൽ വിവരങ്ങൾക്ക്: +919495867459**

***സോണൽ ഡയറക്ടർമാർ:***

- കോട്ടയം - റവ. ഫാ. സേവ്യർ മാമൂട്ടിൽ, 99468 02738
- തിരുവല്ല - റവ. ഫാ. ജോർജ് ലോബോ, 80861 89917
- മറയൂർ - റവ. ഫാ. വിക്ടർ മേജർ, 94474 74502
- വാഴൂർ - റവ. ഫാ. ജിസ് ആനിക്കൽ, 83010 22480
- പട്ടിത്താനം - റവ. ഫാ. പോൾ ചാലാവീട്ടിൽ, 94461 65000
- പീരുമേട് - റവ. ഫാ. കുരുവിള കുരിശുവീട്ടിൽ, 82817 52245
- മൂന്നാർ - റവ. ഫാ. മാത്യു മഠത്തിൽ, 94951 08676,
- മൂവാറ്റുപുഴ - റവ. ഫാ. സോജൻ കല്ലേൽ, 94978 74448

***രൂപതാ കോർഡിനേറ്റർ***

ഫാ. ആന്റണി പാട്ടപ്പറമ്പിൽ 8281494909

**വിദ്യാഭ്യാസ ശുശ്രൂഷയിൽ നാല് കമ്മീഷനുകൾ ഉൾക്കൊള്ളുന്നു**

*വിദ്യാഭ്യാസ ഡയറക്ടർ*
**റവ.ഫാ. ആന്റണി പാട്ടപ്പറമ്പിൽ**
8281494909

*മീഡിയ ഡയറക്ടർ*
**റവ.ഫാ. ആഗസ്റ്റിൻ ഡൊമിനിക്**
8086340203

*ഹെരിറ്റേജ് ഡയറക്ടർ*
**റവ.ഫാ. മാത്യു മഠത്തിൽ**
9495108696

*KCSL ഡയറക്ടർ*
**റവ.ഫാ. ആന്റണി പാട്ടപ്പറമ്പിൽ**
8281494909

# ഇടവക വാർത്തകൾ



ചാത്തൻതറ സെൻറ് സെബാസ്റ്റ്യൻസ് ഇടവകയിൽ മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ ക്രിസ്തുരാജ മഹോത്സവതിരുനാൾ ആഘോഷിച്ചു. ജപമാല പ്രാർത്ഥനയ്ക്കുശേഷം ക്രിസ്തുരാജന്റെ ചിത്രങ്ങളും ജയ് വിളികളുമായ് റാലി നടത്തി. ക്രിസ്തുരാജന്റെ വേഷധാരികളായ കുട്ടികൾ അണിനിരന്നു. തുടർന്ന് ദിവ്യബലി അർപ്പിച്ചു.




ജനകീയ പ്രതിഷേധം



അഭി. സെബാസ്റ്റ്യൻ പിതാവ്
ആഗമനകാല റീത്തിൽ ആദ്യ തിരി
തെളിക്കുന്നു



കുട്ടികൾക്കായി നടത്തിയ സൂപ്പർ സിംഗർ & ടാലന്റ് ഹണ്ട് ഗ്രൂമിങ് പ്രോഗ്രാമിൽ
അഡ്വ. ചാർളി പോൾ ക്ലാസ്സ് നയ്ക്കുന്നു



ചെങ്ങളം സെന്റ് ജോസഫ്സ് ഇടവകയിൽ നടന്ന ക്രിസ്റ്റീൻ ധ്യാനം

## കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ വാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും

കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ വിജയപുരം രൂപത വാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും മാരാമൺ സെന്റ് ജോസഫ്സ് ലത്തീൻ കത്തോലിക്കാ ദേവാലയത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ജോസഫ് സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ നടന്നു. യോഗം രൂപത ഡയറക്ടർ ഫാ. ജോഷി പുതുപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ഷിജോ ബാബു പുളിമൂട്ടിൽവാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും രൂപത ട്രഷറർ ഷാജി ജോസഫ് വാർഷിക കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. സമ്മേളനത്തിൽ മിനിസ്ട്രി കോർഡിനേറ്റർ റവ. ഫാദർ വർഗീസ് കോട്ടയ്ക്കാടിന്റെ സാന്നിധ്യത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ശ്രീ. എബി കുന്നേപറമ്പിൽ പ്രസിഡന്റായും, ശ്രീ ഷിജോ ബാബു പുളിമൂട്ടിൽ ജനറൽ സെക്രട്ടറിയായും, റെജി ചാക്കോ ട്രഷറർ ആയും തെരഞ്ഞെടുക്കപ്പെട്ടു.. വൈസ് പ്രസിഡന്റ്മാർ, ഷാജി ജോസഫ്, പി ടി തോമസ്, ജോസഫ് ടി. ഫ്രാൻസിസ്, ജെ.സ്സി. പോൾ. സെക്രട്ടറിമാർ: സോളമൻ, ജോഷി ചന്ദനപ്പറമ്പിൽ, സുജാത ജോസഫ്, റെമിൻ രാജൻ.



**എബികുന്നേൽപ്പറമ്പിൽ**
പ്രസിഡന്റ്



**ഷിജോ ബാബു, പുളിമൂട്ടിൽ**
ജനറൽ സെക്രട്ടറി




**റെജി ചാക്കോ**
ട്രഷറർ

## അഭിനന്ദനങ്ങൾ



ഫ്രാൻസിസ് പാപ്പായുടെ ബഹ്റൈൻ സന്ദർശനത്തിന്റെ ഔദ്യോഗിക ലോഗോ രൂപകല്പന ചെയ്ത വിജയപുരം രൂപത വാഴൂർ മൗണ്ട് കാർമ്മൽ ഇടവകാംഗമായ **ശ്രീ. പ്രവീൺ ഐസക്**



സ്ഥൈര്യലേപനം സേക്രഡ് ഹാർട്ട് ഇടവക, പാമ്പനാർ



വിമലഗിരി തീർത്ഥാടനത്തിനുള്ള ഒരുക്ക പ്രാർത്ഥനയും നിയോഗ പ്രാർത്ഥനയും തെള്ളകം സെന്റ് മേരീസ് ദൈവാലയത്തിൽ നടന്നു. പെരിയ ബഹു. ഫാ. ജസ്റ്റിൻ പിൻഹീറോ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകുകയും വിശ്വാസികൾക്ക് തിരികൾ ആശീർവദിച്ച് നൽകുകയും ചെയ്തു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## സ്തനാർബുദ ബോധവത്ക്കരണം



*സ്തനാർബുദ ബോധവത്ക്കരണവും രോഗനിർണ്ണയ ക്യാമ്പും നഗരസഭാദ്ധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു*

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ജില്ലാ ആരോഗ്യകേന്ദ്രം, വേളൂർ സെന്റ് ജോൺ ബാപ്സിറ്റ് ജനകീയ വികസന സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ സ്തനാർബുദ ബോധവത്ക്കരണവും രോഗനിർണ്ണയവും കോട്ടയം നഗരസഭാദ്ധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ഇടവക വികാരിയും രൂപതാ ചാൻസലറുമായ മോൺ ജോസ് നവസ്, സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, അസി. ഡയറക്ടർ ഫാ. ലിനോസ് ബിവേര ചുള്ളിക്കപ്പറമ്പിൽ, ജില്ലാ മെഡിക്കൽ മീഡിയാ ഓഫീസർ ഡോമി ജോൺ, നഗരസഭാംഗങ്ങളായ ബിന്ദു സന്തോഷ്കുമാർ, ഷീല സതീശൻ, ടി.എൻ. മനോജ്, മോളിക്കുട്ടി സെബാസ്റ്റ്യൻ, കോർഡിനേറ്റർ പ്രമീല ജോർജ്, ഷിജോ, ദീപബാബു, ദീപ പ്രസാദ് എന്നിവർ പ്രസംഗിച്ചു.

ഡോ. ഐഷ ബൈജു റഹിം (ജനറൽ ആശുപത്രി), ഡോ. ലിന്റോ ലാസർ എന്നിവർ ക്ലാസുകൾ നയിച്ചു. നേരത്തെ ചെറുവള്ളങ്ങളിലും ഇരുചക്രവാഹനങ്ങളിലുമായി മേഖലയിൽ വിളംബര ജാഥയും സംഘടിപ്പിച്ചിരുന്നു.

## സംഘചേതന

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ കേന്ദ്ര തല ഘടനയായ സംഘചേതനയുടെ യോഗം സംഘചേതന പ്രസിഡന്റ് ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. സെക്രട്ടറി റ്റി.

കെ. രാജു 3 മാസത്തെ റിപ്പോർട്ടവതരിപ്പിച്ചു. സംഘപ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായ സ്വയംതൊഴിൽ വായ്പാ പദ്ധതികൾ തൊഴിൽ പരിശീലനം, ഹസ്തം പദ്ധതി നടത്തിപ്പ് തുടങ്ങിയ ചർച്ച ചെയ്തു. വൈസ്പ്രസിഡന്റ് ജൂബി ജോർജ് പാല സ്വാഗതവും, വി.എ സ്.എസ്.എസ്. കോട്ടയം മേഖലാ കോ- ഓർഡിനേറ്റർ മിനി വിനോദ് നന്ദിയും പറഞ്ഞു.

## ശിശുദിനവാരാഘോഷ ഉദ്ഘാടനവും ഹ്രസ്വചിത്ര പ്രകാശനവും

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കോട്ടയം ചൈൽഡ് ലൈൻ യുനിസെഫ് ജില്ലാ ഭരണകേന്ദ്രം, ശിശുക്ഷേമസമിതി ശിശുസം രക്ഷണ സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ ശിശു ദിനവാരാഘോഷപരിപാടികളുടെ ഉദ്ഘാടനവും ലഹരിവിരുദ്ധ പ്രവർത്ത നങ്ങൾക്കായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നിർമ്മിച്ച 'പിൻവിളി' ഹ്രസ്വചിത്രം പുറത്തിറക്കലും എം.ടി. സെമിനാരി ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. കോട്ടയം ജില്ലാ കളക്ടർ പി.കെ. ജയശ്രീ അദ്ധ്യക്ഷയായിരുന്നു. ഹ്രസ്വചിത്രവും അവർ പ്രകാശനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി വാരാഘോഷപരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സി.ഡബ്ളിയു സി. ചെയർമാൻ അരുൺ കുര്യൻ മുഖ്യപ്രഭാഷണം നടത്തി. കുട്ടികൾക്ക് കായിക വിനോദ സാമഗ്രികളും അദ്ദേഹം വിതരണം ചെയ്തു. മെഡിക്കൽ കിറ്റുകളുടെ വിതരണം ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ മല്ലിക കെ.എസ്. നിർവ്വഹിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ മോൻസി ജോർജ്, സി. ഡബ്ളിയു സി. അംഗങ്ങൾ, കോ-ഓർഡിനേറ്റർ ഇൻ ചാർജ് ഷിഞ്ചു ഷാജി എന്നിവർ സംസാരിച്ചു.

## സന്നദ്ധതയോടെ ആശാകിരണം



*ബോധവത്ക്കരണക്ലാസ് ആശാകിരണം*

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പാക്കുന്ന ആശാ കിരണം കാൻസർ സുരക്ഷാപദ്ധതി പിഡിസി യുടെ ആഭിമുഖ്യത്തിൽ

വിപുലമായി നടന്നു വരുന്നു. ഇതുമായി ബന്ധപ്പെട്ട് 400 സന്നദ്ധപ്രവർത്തകർ വിവിധ ഇടവകകളിൽ പ്രവർത്തിക്കുന്നുണ്ട്. രോഗി സന്ദർശനം, ചികിത്സാസഹായം, വിവിധതരത്തിലുള്ള ധനവിഭവ സമാഹരണം, ഇവയെല്ലാം ആശാകിരണം സന്നദ്ധപ്രവർത്തക കൂട്ടായ്മയുടെ ഭാഗമാണ്.

ഓണക്കാലം ഒക്ടോബറിലെ സ്തനാർബുദ ബോധവത്ക്കരണമാസം എന്നിവയുടെ ഭാഗമായി പിഡിസി യുടെ പങ്കാളിത്തത്തോടെ സന്നദ്ധപ്രവർത്തകർ പച്ചക്കറികൾ, ആവിയിൽ വേവിച്ച ഭക്ഷണസാധനങ്ങൾ, പായസം, ചായ, കാപ്പി, ഗ്രോബാഗുകൾ തുടങ്ങിയവയുടെ വില്പനകൾ വഴിയും പഴയ കടലാസ്, പാഴ്‌വസ്തുക്കൾ തുടങ്ങിയവ ശേഖരിച്ച് വില്പന നടത്തിയും രോഗികൾക്കാവശ്യമായ തുക കണ്ടെത്തിയിരുന്നു. കോട്ടയം വേളൂർ സെന്റ് ജോൺ ബാപ്റ്റിസ്റ്റ് ഇടവക 50000/ രൂപയും. പാലഗാഡലുമാതാ ഇടവക 21300/ രൂപയും പൊടിമറ്റം സെന്റ് ജോസഫ് ഇടവക 4000 രൂപയും ആണ്ടൂർ മൗണ്ട് കാർമ്മൽ ഇടവക 10,000 രൂപയും പെരുംമ്പെട്ടി മൗണ്ട് കാർമ്മൽ ഇടവക 3000/ രൂപയും റാന്നി സെന്റ് സെബാസ്റ്റ്യൻ ഇടവക 3500/ രൂപയും. വെച്ചൂച്ചിറ സെന്റ് തോമസ് ഇടവക 3500 രൂപയും, കുന്നന്താനം ഫാത്തിമാഗിരി ഇടവക 3000/ രൂപയും. നെടുമുടി മേരിക്യൂൻസ് ഇടവക 2000/ രൂപയും, വൈശ്യംഭാഗം ഹോളിക്രോസ് ഇടവക 2500/ രൂപയും, മധുര വേലി ഇൻഫെന്റ് ജീസസ് ഇടവക 2000/ രൂപയും കുന്നുംഭാഗം മൗണ്ട്കാർമ്മൽ ഇടവക 3000/- രൂപയും ഈയിനത്തിൽ സമാഹരിച്ച് വി എസ് എസ് എസിന്റെ ആശാകിരണം പദ്ധതിയിലേക്ക് സമർപ്പിച്ചു. സന്നദ്ധ പ്രവർത്തകർ രോഗികളെ സന്ദർശിക്കുകയും ചികിത്സാസഹായം, നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവ നല്കുകയും ചെയ്തു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ജനകീയ വികസനസമിതികൾ നേരിട്ട് കാൻസർ ബാധിതർക്ക് മാത്രമായി 87300/ രൂപയും വി എസ് എസ് എസ് മുഖേന 35000/ രൂപയും ചികിത്സാസഹായമായി നല്കി. ഇടവകയിലും പുറത്തു നിന്നുമായി സന്മനസ്സുകൾ നല്കുന്ന ധനസഹായം സന്നദ്ധപ്രവർത്തകർ രോഗബാധിതർക്ക് ചികിത്സയ്ക്കും സാമ്പത്തികബുദ്ധിമുട്ടനുഭവിക്കുന്നവരുടെ കുടുംബത്തിനുമായി നല്കുന്നു.

സ്തനാർബുദ ബോധവത്ക്കരണത്തിനായി ഒക്ടോബർ മാസം Pink Month എന്ന പേരിൽ ആചരിക്കപ്പെട്ടു. ഇടവകകളിലും കൂട്ടായ്മകളിലും ബോധവത്ക്കരണ ക്ലാസുകൾ നടത്തിയും പിങ്ക് റിബ്ബണുകൾ ധരിച്ചും സ്തനാർബുദ ബാധിതർക്ക് ചികിത്സാ സഹായങ്ങൾ നല്കിയും പിങ്ക് മാസാചരണം നടത്തപ്പെട്ടു. കാഞ്ഞിരപ്പാറ ഇടവകയിൽ ഡോ. സജിമോൻ പി വി (മെഡിക്കൽ ഓഫീസർ ആയുഷ് പ്രാഥമിക ആരോഗ്യ കേന്ദ്രം, വാഴൂർ) തെള്ളകം ഇടവകയിൽ ഡോ.വിനീത ടി തോമസ് (അസ്സോ. പ്രൊഫസർ മെഡി കോളേജ് കോട്ടയം), പൊതി ഇടവകയിൽ ഡോ. കാതറീൻ എന്നിവരും കുന്നും ഭാഗം ഇടവകയിൽ കോട്ടയം മെഡിക്കൽ കോളേജിൽ നിന്നുള്ള ബിരുദാനന്തരബിരുദ വിദ്യാർത്ഥികളും ബോധവത്ക്കരണക്ലാസുകൾ നയിച്ചു സ്വയം സഹായങ്ങളും വിവിധ പരിപാടികളിലൂടെ കാൻസർ പ്രതിരോധസന്ദേശങ്ങൾ നല്കി.




ശിശുദിനവാരാഘോഷം ഉദ്ഘാടനം



ലഹരി വിരുദ്ധ പ്രതിജ്ഞ




പായസ വില്പന- വെച്ചൂച്ചിറ




പായസ വില്പന പൊടിമറ്റം



# അഭിവന്ദ്യ പിതാവിന്റെ
## ഡിസംബർ മാസ പരിപാടികൾ

| | |
|---|---|
| 03 ശനി 6.30 am | - ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 06 ചൊവ്വ 10.00 am | - ദിവ്യബലി, സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രം, കോട്ടയം. |
| 08 വ്യാഴം 2.30 Pm | - തിരുനാൾ ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 10-16 | - KRLCC (ദുബായ്). ലത്തീൻ കത്തോലിക്കാ ദിനാചരണം |
| 17 ശനി 9.30 am | - പാസ്റ്ററൽ കൗൺസിൽ & പ്രീസ്റ്റ് കൗൺസിൽ, |
| 18 ഞായർ 9.30 am | - ഇടയ സന്ദർശനവും സ്ഥൈര്യലേപനവും : ഗാഡലൂപ്പേമാതാ ദൈവാലയം, പാല. |
| 5.00 pm | - ഏട്ടാമിടം, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 19 തിങ്കൾ 10.30 am | - ഗോൾഡൻ ജൂബിലി ഫാ. അഗസ്റ്റിൻ പൂപ്പാടി OCD, നല്ല ഇടയൻ ദൈവാലയം, കോട്ടയം. |
| 20 ചൊവ്വ 11.00 am | - ഗോൾഡൻ ജൂബിലി മോൺ. ഹെൻറി കൊച്ചുപറമ്പിൽ, സെന്റ് ജോസഫ് ദൈവാലയം, പൂവം. |
| 24 ശനി 10.00 pm | - തിരുപ്പിറവി നിശാപൂജ, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 25 ഞായർ 11.00 am | - ദിവ്യബലി, അഭയഭവൻ, കോട്ടയം. |
| 27 ചൊവ്വ 11.00 am | - സിൽവർ ജൂബിലി, ഫാ. ഫ്രാൻസിസ് നെടുംപറമ്പിൽ, വിമലഹൃദയ ദൈവാലയം, കുട്ടിക്കാനം |
| 29 വ്യാഴം 7.00 am | - ദിവ്യബലി,പ്രൊവിൻസ് ചാപ്റ്റർ, ഓറസ്റ്റ് ഭവൻ, കഞ്ഞിക്കുഴി. |
| 31 ശനി 9.30 am | - ഇടയസന്ദർശനവും സ്ഥൈര്യലേപനവും : സെന്റ് തെരേസാസ് ദൈവാലയം, പാക്കിൽ. |



*കേരള സഭാ നവീകരണ യത്നത്തിന്റെ ഭാഗമായി രൂപതയെ മുഴുവനും അഭി. പിതാവ് വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുന്നു*

## ബ്ര. റോക്കി അനുസ്മരണ ദിവ്യബലി
## നല്ലിടയൻ ദൈവാലയം



## ആദരാഞ്ജലികൾ



കോട്ടയം ഫാത്തിമമാതാ പ്രൊവിൻസ് അംഗം സിസ്റ്റർ വത്സല സി.റ്റി.സി. യുടെ
മൃതസംസ്കാര ശുശ്രൂഷകൾക്ക് നെയ്യാറ്റിൻകര രൂപതാധ്യക്ഷൻ
അഭി. വിൻസെന്റ് സാമുവൽ പിതാവ് കാർമ്മികത്വം വഹിക്കുന്നു.

DECEMBER 2022
Vol. 15 • Issue 12
*Published on*
1th December 2022

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2020-22
LIC. No. KL/CR/KTM/WPP-03/2020-22
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180